



"Education is a hope for everyone – it can save migrants and refugees from discrimination, criminal networks, and exploitation."

Franciscus


# വത്തിക്കാൻ തരംഗം

## വിദ്യാഭ്യാസത്തിനുള്ള അവകാശത്തിനായി പ്രാർത്ഥിക്കാം

കുടിയേറ്റക്കാർക്കും അഭയാർത്ഥികൾക്കും യുദ്ധം ബാധിച്ചവർക്കും വേണ്ടി നമുക്ക് പ്രാർത്ഥിക്കാം, മെച്ചപ്പെട്ട ഒരു ലോകം കെട്ടിപ്പടുക്കാൻ ആവശ്യമായ വിദ്യാഭ്യാസത്തിനുള്ള അവരുടെ അവകാശം എല്ലായ്പ്പോഴും മാനിക്കപ്പെടാൻ പ്രാർത്ഥിക്കുന്നു.

കെസിബിസി മീഡിയ Vol No.35 No.01 January 2025 Rs.5.00

# മോൺ . ജി ക്രിസ്തുദാസിന്റെ
# ജീവിതയാത്ര  പുസ്തക രൂപത്തിൽ




നെയ്യാറ്റിൻകര രൂപതയുടെ വികാരി  ജനറൽ ആയി
ദീർഘകാലം സേവനമനുഷ്ഠിച്ച മനുഷ്യസ്നേഹിയായ
വന്ദ്യ വൈദികനെക്കുറിച്ചുള്ള  രചനകളുടെ സമാഹാരം

എഡിറ്റർ : **പി ദേവദാസ്**

പ്രസാധകർ : സാൻജോ പബ്ലിക്കേഷൻ  നെയ്യാറ്റിൻകര

Whatsapp no . 8086839696

വില 500 രൂപ

# വത്തിക്കാൻ തരംഗം
# VATHICAN THARANGAM

January - 2025
RN. 55 178/94
പുസ്തകം- 35

Monthly
ലക്കം-01


## ഉള്ളടക്കം


- എഡിറ്റോറിയൽ ... 04
- പുതിയ തുടക്കവേള ... 05
- വിസ്മരിക്കരുതേ ... 12
- വിദ്യാഭ്യാസത്തിനായി ... 18
- മാർപാപ്പയുടെ ആത്മകഥ ... 23
- ലോകത്തിലെ അമ്മമാരിലൂടെ ... 26
- ആകാശത്തേക്ക് ... 29
- അനുസ്മരണം ... 32
- വാർത്തയും ചിന്തയും ... 34



*മുഖ്യരക്ഷാധികാരി*
- ആർച്ച്ബിഷപ്പ് മാർ ജോസഫ് പാംബ്ലാനി

*രക്ഷാധികാരികൾ*
- ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ
- ബിഷപ്പ് തോമസ് മാർ യൗസേബിയൂസ്

*ചീഫ് എഡിറ്റർ* • ഡോ. അബ്രാഹം ഇരിമ്പിനിക്കൽ
*എഡിറ്റർ* • ആന്റണി ചടയംമുറി

*പത്രാധിപസമിതി*
- ഫാ. തോമസ് തറയിൽ
- ഡോ. ജേക്കബ്ബ് പ്രസാദ്
- ഡോ. ജോളി കരിമ്പിൽ • ബ്രദർ തോമസ് പോൾ കൊടിയൻ

*ലീഗൽ അഡ്വൈസർ* • അഡ്വ . റെനിൽ ആന്റോ
*ലേ ഔട്ട് & ഡിസൈൻ* • മനു ആന്റണി




Office Address : Vathikan Tharangam Vathikan Radio office, KCBC Media
POC Palarivattom, Kochi 682025. Tel: 0484- 2806227
email :vaticantharangam@gmail.com whatsapp No : 82810 54656



കേരളകത്തോലിക്കാസഭയുടെ പ്രഥമ മൾട്ടി മീഡിയ മാഗസിൻ

EDITORIAL



# സ്ത്രീ ശാക്തീകരണത്തിൽ സഭ മുന്നോട്ടു തന്നെ

ചരിത്രത്തിൽ ആദ്യമായി വത്തിക്കാനിലെ സമർപ്പിതർക്കായുള്ള തിരുസംഘത്തിന്റെ പ്രീ ഫെക്ടായി ഇറ്റാലിയൻ സന്യാസിനിയായ സിസ്റ്റർ സിമോണ ബ്രാംബില്ലയെ ഫ്രാൻസിസ് പാപ്പ നിയമിച്ചത്, കത്തോലിക്കാസഭ പിന്തുടരുന്ന ലിംഗ സമത്വത്തിന്റെ നവപ്രതീകമായി മാധ്യമങ്ങൾ  ചിത്രീകരിക്കുന്നു.2019 വരെ വത്തിക്കാനിലെ ഭരണ കാര്യാലയങ്ങളിൽ സ്ത്രീ സാന്നിധ്യം തുലോം പരിമിതമായിരുന്നു. ഭരണ കാര്യാലയങ്ങളിൽ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കണമെന്ന ചിന്തയോടെയാണ് ഫ്രാൻസിസ് മാർപാപ്പ റോമൻ കൂരിയയുടെ ഭരണഘടന 2022-ൽ പുതുക്കിയത്. ഈ മാറ്റം നിലവിൽ വന്നതോടെ, ഇന്ന് വത്തിക്കാൻ കാര്യാലയങ്ങളിലെ സ്ത്രീ സാന്നിധ്യം 19.3 ശതമാനത്തിൽ നിന്ന് 23.4 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്. പുതിയ പ്രീഫെക്ടായി നിയമിതയായ സിസ്റ്റർ സിമോണയക്ക് മനഃശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദമുണ്ട്. ആഫ്രിക്കയിൽ നേഴ്സായി സേവനം ചെയ്യവേ കോൺസലാത്ത സന്യാസിനീ  സഭയുടെ സുപ്പീരിയറായി തെരഞ്ഞെടുക്കപ്പെട്ടു. സഭാ ചരിത്രത്തിന്റെ നാൾ വഴികളിൽ ധീരരും രക്തസാക്ഷികളും സഭാസ്നേഹികളുമായ   നിരവധി വനിതാ രത്നങ്ങളുണ്ടെന്ന കാര്യം നമുക്ക് വിസ്മരിക്കാനാവില്ല. 70 വയസ്സുള്ളപ്പോൾ, യാത്രാ സൗകര്യം കപ്പലുകളെ മാത്രം ആശ്രയിച്ചായിരുന്ന കാലഘട്ടത്തിലാണ് ഹെലെനാ രാജ്ഞി റോമിൽ നിന്നും വിശുദ്ധ നാട്ടുകളിലെത്തി (എ.ഡി.327) ബെത്‌ലഹമിലും കാൽവരിയിലും കൂറ്റൻ ദേവാലയങ്ങൾ നിർമ്മിച്ചത്.  ജറുസലേം ദേവാലയത്തിന്റെ പുനർനിർമ്മാണ ഫലകങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള കോൺസ്റ്റാന്റിനോപ്പിളിലെ എവുദോക്യാ രാജ്ഞി (എ.ഡി.460), ഇപ്പോൾ വാർത്തകളിൽ നിറഞ്ഞു നിൽക്കുന്ന ഹഗിയ  സോഫിയ കതീഡ്രൽ അടക്കം 25 ദേവാലയങ്ങൾ നിർമ്മിക്കാൻ ജസ്റ്റീനിയൻ ചക്രവർത്തിയ്ക്കൊപ്പം പ്രവർത്തിച്ച തെയഡോറ ചക്രവർത്തിനി (എ.ഡി.548) എന്നിവരോടൊപ്പം പിൽക്കാലത്ത് ക്രിസ്തീയ വിശ്വാസത്തിന്റെ തീക്ഷ്ണ  സാക്ഷ്യമായി മാറിയ വിശുദ്ധ അമ്മ ത്രേസ്യയും (1179)  തന്റെ മഠത്തിന്റെ ആവൃതിയിൽ നിന്ന് പുറത്തിറങ്ങാതെയും സഭയുടെ വേദപാരംഗതയും മിഷണറി പ്രവർത്തനങ്ങളുടെ മധ്യസ്ഥയുമായ  വിശുദ്ധ കൊച്ചു ത്രേസ്യയുമെല്ലാം (1582) സഭാ ചരിത്രത്തിലെ സുവർണ്ണ നാമങ്ങളാണ്.  അതുകൊണ്ടുതന്നെ സഭയുടെ നൈരന്തര്യത്തിൽ സ്ത്രീകളുടെ മഹനീയ സ്ഥാനം എക്കാലത്തും അടയാളപ്പെടുത്തിയിട്ടുണ്ട്. ഈ അടയാളങ്ങളുടെ ചരിത്രപരമായ അടരുകളിൽ നാം ദർശിക്കുന്നത് സഭയെ എപ്പോഴും നയിക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രേരണയും പ്രചോദനവുമാണ്.❍



**ഡോ. എബ്രഹാം ഇരിമ്പിനിക്കൽ**
ചീഫ് എഡിറ്റർ



# പുതിയ തുടക്കവേള, പൂവിടട്ടെ പ്രത്യാശ: ഫ്രാൻസിസ് പാപ്പാ

SPECIAL REPORT

**ബാബു കദളിക്കാട്**



**വത്തിക്കാൻ സിറ്റി:** യേശു ക്രിസ്തുവിൽ ശരണപ്പെട്ട് പുതിയൊരു തുടക്കത്തിനായാണ് പ്രത്യാശയുടെ ഈ ജൂബിലി വർഷം നമ്മെ വിളിക്കുന്നതെന്ന് ഫ്രാൻസിസ് പാപ്പാ. യേശു കാട്ടിത്തരുന്ന രക്ഷയുടെ മാർഗ്ഗത്തിൽ പുതിയൊരു വിശ്വാസ യാത്രയ്ക്കുള്ള സമയമാണിതെന്നും ജോർദ്ദാൻ കടക്കാൻ ക്ഷണിച്ച യോഹന്നാനെപ്പോലെ, ജൂബിലിയുടെ വിശുദ്ധവാതിൽ കടന്ന് പുതിയൊരു തുടക്കത്തിലേക്ക് നാം വിളിക്കപ്പെട്ടിരിക്കുന്നുവെന്നും ജനുവരി പതിനൊന്ന് ശനിയാഴ്ച ജൂബിലിയുമായി ബന്ധപ്പെട്ട് അനുവദിച്ച പ്രത്യേക പൊതുകൂടിക്കാഴ്ചാ വേളയിൽ പാപ്പാ പറഞ്ഞു. ദൈവികപുണ്യങ്ങളിലൊന്നായ പ്രത്യാശയുടെ വിവിധ വശങ്ങളെക്കുറിച്ച് പഠിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ജൂബിലിവർഷത്തിലെ ശനിയാഴ്ചകളിൽ ജൂബിലി പൊതുകൂടിക്കാഴ്ചകൾ അനുവദിക്കാൻ തീരുമാനിച്ചത്. ദൈവത്തിൽനിന്ന് വരുന്ന ശക്തിയാണ് പുണ്യമെന്ന് ലത്തീൻ ഭാഷയിലെ 'വിർത്തുസ്' (virtus) എന്ന വാക്ക് വിശദീകരിച്ചുകൊണ്ട് പാപ്പാ പറഞ്ഞു. പ്രത്യാശയെന്നത് ഒരു ശീലമോ സ്വഭാവമോ അല്ല, മറിച്ച് ദൈവത്തിൽനിന്ന് നമുക്ക് ചോദിച്ചുവാങ്ങാനുള്ള ഒരു ശക്തിയാണ്. ഇതിനായാണ് നാം തീർത്ഥാടകരായെത്തുന്നതെന്നും ജീവിതത്തിന്റെ യാത്രയിൽ പുതിയൊരു തുടക്കത്തിനായുള്ള അനുഗ്രഹം പ്രാർത്ഥിക്കുന്നതെന്നും പാപ്പാ കൂട്ടിച്ചേർത്തു.പുതുതായി ആരംഭിക്കുക എന്നതാണ് പ്രധാനപ്പെട്ട കാര്യമെന്ന് ആവർത്തിച്ചു പറഞ്ഞ പാപ്പാ, ചത്വരത്തിൽ പൊതുകൂടിക്കാഴ്ചയിൽ പങ്കെടുക്കാനെത്തിയവരെ



ക്കൊണ്ട് 'പുനരാരംഭിക്കുക' എന്ന വാക്ക് ഉറക്കെ പറയിപ്പിച്ചു.

യേശുവിന്റെ ജ്ഞാനസ്നാനത്തിരുനാൾ ആഘോഷിക്കാൻ ഒരുങ്ങവേ യോഹന്നാനെന്ന പ്രത്യാശയുടെ വലിയ പ്രവാചകനെ സഭ അനുസ്മരിക്കുന്നു. സ്ത്രീയിൽനിന്ന് ജനിച്ചവരിൽ ഏറ്റവും വലിയവനെന്നാണ് യേശു യോഹന്നാനെക്കുറിച്ച് പറയുന്നത്. യോഹന്നാന്റെ അരികിലേക്ക് ജനങ്ങൾ എത്തിയതും ഒരു പുതിയ തുടക്കത്തിനായാണെന്ന് പാപ്പാ ചൂണ്ടിക്കാട്ടി.

നാം ഇന്ന് വിശുദ്ധ വാതിൽ കടക്കുന്നതുപോലെ, ജോർദ്ദാൻ നദി കടന്നു വാഗ്ദത്തനാട്ടിലേക്ക് പ്രവേശിച്ച് പുതിയൊരു തുടക്കത്തിനായി ആരംഭം കുറിക്കാനാണ് സ്ഥാപകൻ ആവശ്യപ്പെട്ടത്. ദൈവരാജ്യത്തിലെ ഏറ്റവും ചെറിയവനും യോഹന്നാനെക്കാൾ വലിയവനാണെന്ന് യേശു പറഞ്ഞത് പരാമർശിച്ചുകൊണ്ട് ദൈവരാജ്യത്തെ സ്വീകരിക്കുക എന്നത് നമ്മിൽ വലിയൊരു മാറ്റമാണ് ഉണ്ടാക്കുകയെന്ന് പാപ്പാ ഉദ്ബോധിപ്പിച്ചു. യോഹന്നാൻ കാരാഗൃഹവാസത്തിലായിരുന്നതിനെക്കുറിച്ച് പ്രതിപാദിക്കവേ, വർത്തമാനകാലത്തും ദൈവരാജ്യത്തിനെതിരെ നിൽക്കുന്ന ഹേറോദേസുമാർ ഒരുപാടുപേ



രുണ്ടെന്ന് പാപ്പാ പറഞ്ഞു. യേശു നമുക്ക് യഥാർത്ഥ മാർഗ്ഗം കാട്ടിത്തരുന്നു; സുവിശേഷത്തിന്റെ അതിശയിപ്പിക്കുന്ന നിയമമായ സുവിശേഷഭാഗ്യങ്ങളുടെ മാർഗ്ഗമാണത്.
യഥാർത്ഥത്തിൽ ജീവിതം പുനരാരംഭിക്കാൻ നാം ആഗ്രഹിക്കുന്നുണ്ടോയെന്ന ചോദ്യം നമ്മോടുതന്നെ ചോദിക്കാമെന്ന് പാപ്പാ പറഞ്ഞു. ആരാണ് വലിയവനെന്ന് യേശുവിൽനിന്ന് പഠിക്കാൻ നാം ആഗ്രഹിക്കുന്നുണ്ടോയെന്ന് പാപ്പാ തീർത്ഥാടകരോട് ആരാഞ്ഞു. ദുരുപയോഗിക്കപ്പെട്ടതും മുറിവേറ്റതുമായ നമ്മുടെ പൊതുഭവനമായ ഭൂമിക്കുവേണ്ടിയും പ്രത്യാശയുള്ളവരായിരിക്കണമെന്ന് ഓർമ്മിപ്പിച്ചു. സ്വയം ചെറുതായി കാണാനും സാഹോദര്യത്തോടെ സ്നേഹിക്കാനും ശുശ്രൂഷിക്കാനും നമ്മെ ആഹ്വാനം ചെയ്യുന്ന യേശുവിൽനിന്ന് ആരംഭിക്കാൻ പാപ്പാ ആവർത്തിച്ച് ആഹ്വാനം ചെയ്തു.

**പ്രത്യാശയുടെ അടയാളങ്ങൾ**

ദൈവിക കൃപകൾ പ്രത്യേകമായ രീതിയിൽ സ്വീകരിക്കുവാൻ നമ്മെ ക്ഷണിക്കുന്ന ജൂബിലി വർഷത്തിൽ, പോളണ്ടിലെ റോക്ളോവ് ആസ്ഥാനമായുള്ള ഓങ്കോളജി, പീഡിയാട്രിക് ഹേമറ്റോളജി ആശുപത്രിയിലെ രോഗികളായ കുട്ടികളെ സ്വീകരിക്കുന്നതിൽ തനിക്കുള്ള സന്തോഷം എടുത്തു പറഞ്ഞുകൊണ്ടാണ് ഫ്രാൻസിസ് പാപ്പാ തന്റെ സന്ദേശം ആരംഭിച്ചത്. രോഗികളായ കുഞ്ഞുങ്ങൾ പ്രത്യാശയുടെ അടയാളങ്ങളാണെന്നും, ഈ പ്രത്യാശ നമ്മെ നിരാശപ്പെടുത്തുകയില്ലെന്നും പാപ്പാ പറഞ്ഞു. നമ്മുടെ കഷ്ടപ്പാടുകൾ സ്വയം ഏറ്റെടുത്ത യേശുവിന്റെ സ്നേഹത്താൽ, നാം അവനുമായി വേദനയുടെ നിമിഷങ്ങളിൽ ഐക്യപ്പെടുന്നു.
സൗഹൃദത്തിൽ പരസ്പരം സന്തോഷം മാത്രമല്ല, വേദനകളും പങ്കുവയ്ക്കണമെന്നും, ഇതിനാലാണ് യേശു തന്റെ ശിഷ്യന്മാരെ, സ്നേഹിതരെന്നു അഭിസംബോധന ചെയ്തതെന്നും പാപ്പാ പറഞ്ഞു. യേശുവിന്റെ സ്നേഹിതന്മാരായി ഓരോരുത്തരും മാറുവാനും കുഞ്ഞുങ്ങളെ പാപ്പാ ക്ഷണിച്ചു. നിങ്ങളുമായുള്ള യേശുവിന്റെ സൗഹൃദത്തിന്റെ മറ്റൊരു തെളിവ് നിങ്ങളുടെ മാതാപിതാക്കളുടെ സ്നേഹവും നിരന്തരമായ സാന്നിധ്യവും, ഡോക്ടർമാരുടെയും നഴ്സുമാരുടെയും മറ്റു ആരോഗ്യപ്രവർത്തകരുടെയും സൗമ്യവും ആർദ്രവുമായ പുഞ്ചിരിയുമാണെന്നും പാപ്പാ പറഞ്ഞു. കുഞ്ഞുങ്ങളെ സുഹൃത്തുക്കൾ എന്ന് അഭിസംബോധന ചെയ്യുവാൻ താനും ആഗ്രഹിക്കുന്നു.തന്റെ ഉദ്ദേശ്യങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. ചികിത്സയ്ക്കുവേണ്ടിയുള്ള സൗകര്യങ്ങൾ നിഷേധിക്കപ്പെട്ട

ന്ന കുട്ടികളെ സ്മരിക്കണമെന്നും, അവരോട് ചേർന്നുനിന്നുകൊണ്ട് അവർക്കായി പ്രാർത്ഥിക്കണമെന്നും പാപ്പാ അഭ്യർത്ഥിച്ചു.

## കടം ഇളവുചെയ്യൂ



കടങ്ങൾ പൊറുക്കുകയെന്ന ജൂബിലിവർഷത്തിന്റെ പ്രത്യേകത കണക്കിലെടുത്ത്, സാമൂഹ്യാവസ്ഥയിൽ മാതൃകാപരമായ മാറ്റങ്ങൾ വരുത്താനും, പാവപ്പെട്ട രാജ്യങ്ങളുടെ കടങ്ങൾ എഴുതിത്തള്ളുകയോ കുറച്ചുകൊടുക്കുകയോ ചെയ്തുകൊണ്ട് ക്രൈസ്തവപരമ്പര്യമുള്ള രാജ്യങ്ങൾ മറ്റുള്ളവർക്ക് മാതൃക നൽകാനും ഫ്രാൻസിസ് പാപ്പാ ആഹ്വാനമേകി. ഒരു വ്യക്തിയോ കുടുംബമോ ജനതയോ പോലും കടഭാരത്താൽ തകർന്നുപോകാതിരിക്കാൻ ശ്രമങ്ങൾ വേണം. മുൻവർഷങ്ങളിലെന്നപോലെ ഇത്തവണയും ജനുവരി ഒന്നിനു വത്തിക്കാനിലെ വിശുദ്ധ പത്രോസിന്റെ ചത്വരത്തിൽ ഒരുമിച്ചുകൂടിയ ജനങ്ങൾക്കൊപ്പം ത്രികാലജപപ്രാർത്ഥന നയിച്ച വേളയിലാണ് കടങ്ങൾ ഇളവുചെയ്യേണ്ടതിന്റെ പ്രാധാന്യം പാപ്പാ ഏവരെയും ഓർമ്മിപ്പിച്ചത്.

എല്ലാ വർഷവും ദൈവമാതാവിന്റെ തിരുനാൾദിനമായ ജനുവരി ഒന്നിനാണ് ആഗോള കത്തോലിക്കാ സഭ ലോക സമാധാനദിനമായി ആചരിക്കുന്നത്.വിശുദ്ധ പോൾ ആറാമൻ പാപ്പായാണ് വർഷത്തിന്റെ ആദ്യദിനം ആഗോളസമാധാനദിനമായി വേണമെന്ന് ആഗ്രഹിച്ചതെന്ന് പാപ്പാ അനുസ്മരിച്ചു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സംഘടന, ഇടവക, രൂപതാ തലങ്ങളിൽ സമാധാനത്തിനായി നടത്തുന്ന പ്രാർത്ഥനകളെയും പരിശ്രമങ്ങളെയും, സംഘർഷമേഖലകളിൽ സമാധാനസ്ഥാപനത്തിനായി സംവാദങ്ങൾ പ്രോത്സാഹിപ്പിക്കുന്നവരെയും പാപ്പാ അഭിനന്ദിച്ചു. എല്ലായിടങ്ങളിലും സംഘർഷങ്ങളും അക്രമങ്ങളും അവസാനിക്കാനും, സമാധാനവും അനുരഞ്ജനവും സാധ്യമാകാനും വേണ്ടി പ്രാർത്ഥിക്കണം.കർത്തൃപ്രാർത്ഥനയെ പരാമർശിച്ചുകൊണ്ട്, ദൈവമാണ് നമ്മുടെ കടങ്ങൾ ആദ്യം പൊറുക്കുന്നതെന്ന് പറഞ്ഞ പാപ്പാ, എന്നാൽ അതേസമയം, നമ്മെ ദ്രോഹിച്ചവരോട് ക്ഷമിക്കാൻ നാം തയ്യാറാകണമെന്നും ഉദ്ബോധിപ്പിച്ചു. സംഘർഷ-യുദ്ധമേഖലകളെക്കുറിച്ച് പ്രതിപാദിക്കവേ, ഉക്രൈൻ, ഗാസാ, ഇസ്രായേൽ, മ്യാന്മാർ കിവ്വ്, തുടങ്ങിയ പ്രദേശങ്ങളെ പ്രത്യേകമായി പരാമർശിച്ചു. യുദ്ധം എല്ലായ്പ്പോഴും തകർച്ചയാണ് കൊണ്ടുവരികയെന്ന് ഓർമ്മിപ്പിച്ച പാപ്പാ, യുദ്ധം എപ്പോഴും ഒരു പരാജയമാണെന്ന വാക്കുകൾ ആവർത്തിച്ചു.

## ക്രൂരമായ സംഘട്ടനം

യുദ്ധം നടക്കുന്ന ഇടങ്ങളിൽ, സ്കൂളുകൾക്ക് നേരെയും, ആശുപത്രികൾക്ക നേരെയും നടത്തിയ ആക്രമണങ്ങളെ പാപ്പാ നിശിത ഭാഷയിൽ അപലപിച്ചു. ക്രൂരമായ സംഘട്ടനം എന്ന പരാമർശവുമായാണ്, ജനുവരി അഞ്ചിന് ഞായറാഴ്ച്ച, മധ്യാഹ്നപ്രാർത്ഥനയുടെ അവസാനം, പാപ്പാ ഇത്തരം അക്രമങ്ങൾക്കെതിരെ ശബ്ദമുയർത്തിയത്. കുട്ടികളെയും, കുടുംബങ്ങളെയും, രോഗികളെയും, നിരപരാധികളെപ്പോലും വെറുതെ വിടാത്ത ഇത്തരം ചെയ്തികളിൽ നിന്നും എല്ലാവരും പിന്തിരിയണം. ജനീവ കൺവെൻഷനുകളുടെ 75-ാം വാർഷികം അനുസ്മരിച്ചുകൊണ്ട് ഒക്ടോബർ 27-ലെ മധ്യാഹ്ന പ്രാർത്ഥനയുടെ അവസരത്തിലും, ജനങ്ങളുടെ ജീവിതത്തെയും അന്തസ്സിനെയും ബഹുമാനിക്കണമെന്ന്




പാപ്പാ ആവശ്യപ്പെട്ടിരുന്നു. അന്താരാഷ്ട്ര മാനുഷിക നിയമങ്ങൾക്ക് അനുസൃതമായി എല്ലാവരും പെരുമാറണം. യുദ്ധം ബാധിച്ച രാജ്യങ്ങളിലും സങ്കീർണ്ണമായ സാഹചര്യങ്ങളിലും സമാധാനത്തിനായി പ്രാർത്ഥിക്കുന്നത് അവസാനിപ്പിക്കരുതെന്ന് അഭ്യർത്ഥിച്ച പാപ്പാ, ഉക്രെയ്ൻ, പലസ്തീൻ, ഇസ്രായേൽ, ലെബനൻ, സിറിയ, മ്യാൻമർ, സുഡാൻ എന്നീ രാജ്യങ്ങളെ പേരെടുത്തു പരാമർശിച്ചു.

### സന്ദേശത്തിന് നന്ദി

അൻപത്തിയെട്ടാമത് ആഗോളസമാധാനദിനത്തിലേക്കായി, ഫ്രാൻസിസ് പാപ്പാ 'ഞങ്ങളുടെ കടങ്ങൾ പൊറുക്കുക, ഞങ്ങൾക്ക് നിന്റെ സമാധാനമേകുക' എന്ന പേരിൽ നൽകിയ സന്ദേശത്തിന് ഇറ്റലിയുടെ പ്രസിഡന്റ് സേർജ്യോ മത്തരെല്ല നന്ദി അറിയിച്ചു. സാമൂഹ്യ-സാമ്പത്തിക ഭിന്നതകളും, ലോകരാജ്യങ്ങൾ തമ്മിലുള്ള ബന്ധത്തിന്റെ സമാധാനപൂർണ്ണമായ വളർച്ചയ്ക്കെതിരെ ഉയരുന്ന ഭീഷണികളും മൂലം ലോകത്തുണ്ടാകുന്ന മുറിവുകളുടെ മുന്നിൽ എല്ലാ സാമൂഹിക, മത നേതൃത്വങ്ങളെയും വിചിന്തനത്തിന് ക്ഷണിക്കുന്നതാണ് പാപ്പായുടെ സന്ദേശമെന്ന് ഇറ്റലിയുടെ പ്രസിഡന്റ് തന്റെ കത്തിൽ എഴുതി.
ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉയരുന്ന അപകടകരമായ ചില പ്രവർത്തനങ്ങളും സംരംഭങ്ങളും, ആഗോളതലത്തിൽ അംഗീകൃതമായ നിയമങ്ങളിൽ അധിഷ്ഠിതമായ അന്തർദേശീയക്രമത്തിന് ഭീഷണിയുയർത്തുന്ന ഒരു കാലമാണിതെന്ന് മത്തരെല്ല ഓർമ്മിപ്പിച്ചു. ജനതകളുടെയും രാജ്യങ്ങളുടെയും സഹവാസത്തെ സാധ്യമാക്കുന്ന നിയമ

ത്തെയാണ് ഇത്തരം പ്രവർത്തനങ്ങൾ ആക്രമിക്കുന്നതെന്നും, അതുവഴി മനുഷ്യാന്തസ്സ് വികലമാക്കപ്പെടുന്നുവെന്നും അദ്ദേഹം വ്യക്തമാക്കി.

കഴിഞ്ഞ ദിവസങ്ങളിൽ ആരംഭിച്ച ജൂബിലിവർഷത്തിന്റെ സന്ദേശം, ആളുകളെ പരസ്പരം ആവശ്യമുള്ളവരും, പരസ്പരം കടപ്പെട്ടവരുമെന്ന് തിരിച്ചറിയാൻ സഹായിക്കുന്ന ഒന്നാണെന്ന് സേർജ്യോ മത്തരെല്ല തന്റെ കത്തിൽ കുറിച്ചു. അക്രമങ്ങളും, ചൂഷണങ്ങളും, അസമത്വങ്ങളും ലോകമെമ്പാടുമുള്ള ലക്ഷക്കണക്കിന് വ്യക്തികളുടെ കാഴ്ചപ്പാടുകളെ തടസ്സപ്പെടുത്തുമ്പോൾ, ഐക്യത്തിന്റെ വളർച്ചയ്ക്കായി പരിശ്രമിക്കാൻ പാപ്പായുടെ സന്ദേശം ഏവരെയും ആഹ്വാനം ചെയ്യുന്നു.

## 2025 സമാധാന വർഷം

2025 സമാധാനം വളരുന്ന ഒരു വർഷമായിരിക്കട്ടെയെന്ന പാപ്പായുടെ ആശംസയെക്കുറിച്ച് പരാമർശിച്ച പ്രസിഡന്റ്, വ്യക്തിപരമായും സമൂഹപരമായും സമാധാനചർച്ചകളിൽ വിശ്വാസമർപ്പിക്കാനും കുടിയേറ്റം, പ്രകൃതിമലിനീകരണം, നവസാങ്കേതികവിദ്യകൾ കൊണ്ടുവരുന്ന അപകടസാധ്യതകളും അവസരങ്ങളും എന്നീ പ്രതിഭാസങ്ങളെ ഫലപ്രദമായി കൈകാര്യം ചെയ്യാനും ക്ഷണിക്കുന്ന ഒരു സന്ദേശമാണ് അതിലുള്ളതെന്ന് എഴുതി. യുവതലമുറയെ പ്രത്യേകം പരിഗണിച്ചുകൊണ്ട്, ലോകത്ത് നിലനിൽക്കുന്ന സംഘർഷങ്ങൾ അവസാനിപ്പിക്കുന്നതിനും, തുല്യവും സുസ്ഥിരവുമായ വളർച്ചയ്ക്കായുള്ള വഴികൾ കണ്ടുപിടിക്കുന്നതിനുമുള്ള ഇറ്റലിയുടെ കടമയും സേർജ്യോ മത്തരെല്ല പ്രത്യേകം പരാമർശിച്ചു.

കത്തോലിക്കാസഭയുടെയും, മാനവികതയുടെയും സേവനത്തിനായി പാപ്പാ ചെയ്യുന്ന ശുശ്രൂഷകൾ പ്രത്യേകമായി പരാമർശിച്ച പ്രസിഡന്റ്, പാപ്പായ്ക്ക് വ്യക്തിപരമായും ആധ്യാത്മികപരമായുമുള്ള നന്മകൾ രാജ്യത്തെ പൗരന്മാരുടെ കൂടി നാമത്തിൽ നേർന്നുകൊണ്ടാണ് തന്റെ കത്ത് അവസാനിപ്പിച്ചത്.

ജൂബിലി വർഷമായ 2025 ലെ ഫ്രാൻസിസ് പാപ്പായുടെ ലോക സമാധാനദിന സന്ദേശം ഡിസംബർ 12 ന് വത്തിക്കാനിലെ പ്രസ്സ് ഓഫീസിൽ നടന്ന വാർത്താസമ്മേളനത്തിൽ പ്രകാശിതമായിരുന്നു. സമഗ്ര മാനവ വികസനത്തിനായുള്ള വത്തിക്കാൻ വിഭാഗത്തിന്റെ അധ്യക്ഷൻ (പ്രീഫെക്ട്) കർദിനാൾ മൈക്കിൾ ചേർണി, കാത്തലിക്ക് മൊബിലൈസിംഗ് നെറ്റ്‌വർക്കിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ ക്രിസാൻ വൈലൻകോർട്ട് മർഫി, എഞ്ചിനീയർ വീത്തൊ അൽഫിയേരി ഫൊന്താന എന്നിവർ സന്ദേശത്തിന്റെ ഉള്ളടക്കം മാധ്യമ പ്രവർത്തകർക്കായി നൽകി.

## കടം ചൂഷണോപാധിയോ ?

ചില സർക്കാരുകളും സമ്പന്നനാടുകളിലെ ചില സ്വകാര്യ സാമ്പത്തികസ്ഥാപനങ്ങളും പാവപ്പെട്ട നാടുകളുടെ മാനുഷികവിഭവങ്ങളും പ്രകൃതിവിഭവങ്ങളും യാതൊരു മനഃസാക്ഷിക്കുത്തുമില്ലാതെ വിവേചനരഹിതമായി ചൂഷണം ചെയ്യുന്നതിനുള്ള ഒരു ഉപാധിയായി വിദേശകടത്തെ മാറ്റുന്നുണ്ടെന്ന് ലോക സമാധാനദിന സന്ദേശത്തിൽ പാപ്പാ ആവർത്തിച്ചു. പാരിസ്ഥിതിക കടവും വിദേശകടവും ഒരേ നാണയത്തിന്റെ രണ്ടു വശങ്ങളാണ്; അത് കടപ്രതിസന്ധിയിൽ കലാശിക്കുന്നു. 2025 സമാധാനം സംവർധകമാകുന്ന ഒരു വർഷമാകട്ടെ എന്ന് ആശംസിച്ച പാപ്പാ, കരാറുകളുടെ കുത്തൊഴുക്കകളിലോ, മാനുഷികമായ വിട്ടുവീഴ്ചകളുടെ മേശകളിലോ നിലച്ചുപോകാത്ത യഥാർഥവും ശാശ്വതവുമായ ഒരു സമാധാനമാണ് വിവക്ഷിക്കുന്നതെന്നും വിശദീകരിച്ചു. ❍

# ഈശോ നിങ്ങളെ വിളിക്കുന്നു



19 വയസ് മാത്രം പ്രായമായിരുന്ന ക്ലോഡിൻ ദൈവത്തിന്റെ വിളിക്ക് പ്രത്യുത്തരം നല്കിക്കൊണ്ട് തന്നെത്തന്നെ പൂർണമായും ദൈവ ശുശ്രൂഷയ്ക്കായി സമർപ്പിച്ചു. അവളുടെ മാതൃസഹജമായ ഹൃദയം അനാഥർക്കും യുവതികൾക്കും വിദ്യാഭ്യാസം നൽകുന്നതിനായി തുറന്നു കൊടുക്കുകയും ചെയ്തു. യേശുവിന്റെ നിർമ്മലമായ ഹൃദയത്തിൽ നിന്നും നിർഗളിക്കുന്ന അനന്തമായ സ്നേഹത്തിന്റെ നീർച്ചാലിൽ നിന്നും ഉൾക്കൊണ്ട പ്രചോദനമായിരുന്നു അവളുടെ വിദ്യാഭ്യാസ ശൈലിയുടെ അടിസ്ഥാനം.

# വി. ക്ലോഡിൻ തെവനെ

## ജീസസ് ആന്റ് മേരി സന്യാസസഭാസ്ഥാപിക

**ക്ലോഡിന്റെ ജീവിതലക്ഷ്യം**

ക്രിസ്തീയ വിദ്യാഭ്യാസത്തിലൂടെ എല്ലാവരേയും പ്രത്യേകിച്ച് പാവപ്പെട്ടവരെ. ഈശോയേയും മാതാവിനേയും അറിയുവാനും സ്നേഹിക്കുവാനും പഠിപ്പിക്കുക എന്നതായിരുന്നു.



*നിങ്ങൾ ഒരു കത്തോലിക്ക യുവതിയാണെങ്കിൽ സഭയ്ക്കും സമൂഹത്തിനും വേണ്ടി സേവനം അനുഷ്ഠിക്കുവാൻ, സ്വയം സമർപ്പിതയാകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഒരു പ്രാർത്ഥനാജീവിതത്തിന് ഒരു സമ്പൂർണ സാമൂഹിക സേവനത്തിന് ഒരു കൂട്ടായ്മയുടെ ജീവിതത്തിന് കഴിവുണ്ടെങ്കിൽ... വരൂ ഞങ്ങളോടു ചേരൂ...*

***ജീസസ് ആന്റ് മേരി സന്യാസസഭ***

വിദ്യാഭ്യാസ യോഗ്യത : എസ് എസ് എൽ സി യോ ഉപരിവിദ്യാഭ്യാസമോ ഉള്ള ഏവർക്കും.

*വിശദവിവരങ്ങൾക്ക്:*


**Vocation Promoter**
**Convent of Jesus and Mary**
**Bangla Sahib Marg**
**New Delhi 110001**
**Tel : 011 - 237 478 68**
**Mob: 8800574893**

**Sr. Superior**
**Convent of Jesus and Mary**
**Gopalapetta P.O.**
**Chalil , Thalassery - 670 102**
**Kannur Dist., Kerala**
**Ph: 0490 23 22 822**
**Mob: 8527703922**



# വിസ്മരിക്കരുതേ ദൈവമക്കളും സഹോദരരാണ്

SPECIAL REPORT



**ഫാ. തോംസൺ പഴയചിറപീടികയിൽ,** ജർമ്മനി

**വത്തിക്കാൻ സിറ്റി:** ദൈവമക്കളും, അതുവഴി പരസ്പരം സഹോദരങ്ങളുമാണ് തങ്ങളെന്ന് ഏവർക്കും തിരിച്ചറിയാൻ സാധിക്കേണ്ടതിനായി ഏവരെയും സ്വീകരിക്കാനുള്ള വിളി റോമാ നഗരത്തിനുണ്ടെന്ന് ഫ്രാൻസിസ് പാപ്പാ. ജനുവരി ഒന്നിന് ആഘോഷിക്കപ്പെട്ട പരിശുദ്ധ അമ്മയുടെ തിരുനാളിന് മുന്നോടിയായി വത്തിക്കാനിലെ വിശുദ്ധ പത്രോസിന്റെ ബസലിക്കയിൽ സായാഹ്നപ്രാർത്ഥന നയിച്ച വേളയിലാണ് സഹോദര്യത്തിൽ ജീവിക്കേണ്ടതിന്റെ പ്രാധാന്യത്തെപ്പറ്റിയും, പ്രത്യാശയിൽ വളരാനും, വളർത്താനും പരിശ്രമിക്കേണ്ടതിനെക്കുറിച്ചും പാപ്പാ ഏവരെയും ഉദ്ബോധിപ്പിച്ചത്. 2025–ലെ ജൂബിലിയുടെ 'പ്രത്യാശയുടെ തീർത്ഥാടകർ' എന്ന ആപ്തവാക്യം, ഏറെ അർത്ഥസമ്പുഷ്ടമാണെന്ന് ഓർമ്മിപ്പിച്ച പാപ്പാ, അത് സൂചിപ്പിക്കുന്ന സാധ്യതകൾ തീർത്ഥാടനത്തിന്റെ വിവിധ മാർഗ്ഗങ്ങൾ പോലെയാണെന്ന് വ്യക്തമാക്കി. അതിലൊന്ന് സാഹോദര്യത്തോടെ വിശ്വാസമാർഗ്ഗത്തിൽ സഞ്ചരിക്കുകയെന്നതാണെന്ന് വിശദീകരിച്ച പാപ്പാ ഫ്രത്തെല്ലി തുത്തി എന്ന ചാക്രികലേഖനത്തിൽ താൻ ഇത്തരമൊരു മാർഗ്ഗമാണ് മുന്നോട്ടുവച്ചതെന്ന് ഓർമ്മിപ്പിച്ചു. സാഹോദര്യത്തിലാണ് ലോകത്തിന്റെ പ്രത്യാശ അടങ്ങിയിരിക്കുന്നത്. ഇതിന്റെ ഭാഗമായാണ് റോം കഴിഞ്ഞ മാസങ്ങളിൽ നിർമ്മാണ, പുനരുദ്ധാരണ, നവീകരണപ്രവർത്തനങ്ങളിലൂടെ ഒരുങ്ങിയതെന്നും, ലോകമെങ്ങും നിന്നുള്ള കത്തോലിക്കരും, ക്രൈസ്തവരും, മറ്റു വിശ്വാസികളും, സത്യത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും, നീതിയുടെയും സമാധാനത്തിന്റെയും അന്വേഷകരും,പ്രത്യാശയുടെയും സാഹോദര്യത്തിന്റെയും തീർത്ഥാടകരും ആയ ഏവരെയും സ്വീകരിക്കുവാനായി തയ്യാറായതെന്നും

പാപ്പാ വ്യക്തമാക്കി. സാർവ്വത്രിക സഹോദര്യമെന്ന ചിന്തയ്ക്ക് അടിസ്ഥാനമോ സാധ്യതയോ ഉണ്ടോയെന്നും, അത് വെറുമൊരു മുദ്രാവാക്യം പോലെ മാത്രം നിലനിൽക്കുന്നതാണോയെന്നുമുള്ള ചോദ്യത്തിന്, യേശുവിനെ കാട്ടിക്കൊണ്ട് പരിശുദ്ധ അമ്മ നമുക്ക് മറുപടി നൽകുന്നുണ്ടെന്ന് പാപ്പാ ഉദ്ബോധിപ്പിച്ചു. പ്രത്യാശ എന്നത് വെറുമൊരു ആശയമോ സാമ്പത്തികവ്യവസ്ഥയോ, സാങ്കേതിക പുരോഗതിയോ അല്ല. സ്വർഗ്ഗസ്ഥനായ പിതാവിന്റെ മക്കളും, അതുവഴി പരസ്പരം സഹോദരീസഹോദരങ്ങളുമായി നാം മാറേണ്ടതിനായി പിതാവിനാൽ അയക്കപ്പെട്ടവനാണ് ക്രിസ്തുവെന്ന് പാപ്പാ വിശദീകരിച്ചു.ക്രൈസ്തവരഹസ്യം ഉള്ളിൽ സൂക്ഷിക്കുകയും, കാലത്തിന്റെ അടയാളങ്ങളെ തിരിച്ചറിയാൻ കഴിയുകയും ചെയ്ത പരിശുദ്ധ അമ്മ നമ്മെ അതിനായി വിളിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നുണ്ടെന്ന് പാപ്പാ പറഞ്ഞു.

**ബി ബി സി യിൽ**

പ്രത്യാശയും, ശാന്തതയും  നിറഞ്ഞ ഒരു ലോകത്തിന്റെ സൗന്ദര്യം വർണ്ണനകൾക്കെല്ലാം അതീത'മെന്ന് എടുത്തു പറഞ്ഞുകൊണ്ട് ബി ബി സി ചാനലിലെ , 'അനുദിന ചിന്ത' എന്ന പരിപാടിയിൽ ഫ്രാൻസിസ് പാപ്പാ തന്റെ ചിന്തകൾ പങ്കുവച്ചു. ഈ രണ്ടു നന്മകളാണ് സുവിശേഷത്തിന്റെ ഹൃദയം. നമ്മുടെ ജീവിതചര്യകൾ നിയന്ത്രിക്കപ്പെടേണ്ടത് ഇവയെ  അടിസ്ഥാനപ്പെടുത്തിയാവണമെന്നും പാപ്പാ  അടിവരയിട്ടു പറഞ്ഞു. ആത്മവിശ്വാസത്തോടെ ഭാവിയിലേക്ക് ദൃഷ്ടികൾ ഉറപ്പിക്കുകയും, പരസ്പരം ബഹുമാനത്തോടെയും സഹാനുഭൂതിയോടെയും പെരുമാറുകയും ചെയ്യുന്ന ഒരു സമൂഹം കൂടുതൽ മാനുഷികമായിരിക്കും. പ്രത്യാശയുടെ തീർത്ഥാടകരാകാൻ എല്ലാവരും വിളിക്കപ്പെടുന്ന ജൂബിലി വർഷം, അശുഭാപ്തി വിശ്വാസങ്ങളെ പാടെ ഉപേക്ഷിച്ചുകൊണ്ട്, സ്നേഹം മാത്രം തിരഞ്ഞെടുക്കുവാൻ എല്ലാവരെയും പ്രാപ്തരാകട്ടെയെന്ന് പാപ്പാ ആശംസിച്ചു. ഈ സ്നേഹം തന്നെയാണ്, ഹൃദയങ്ങളെ കൂടുതൽ തീക്ഷ്ണതയുള്ളതും, ആത്മവിശ്വാസവുമുള്ളതാക്കുന്നത്. സൗമ്യതയെന്നത്, വെറും നയതന്ത്രഘടകമല്ലെന്നും, മറിച്ച് അത് സ്നേഹത്തിന്റെ ഒരു രൂപമാണെന്നും,  അത് സ്വീകാര്യതയിലേക്ക് ഹൃദയങ്ങൾ തുറക്കുന്നതിനും, എല്ലാവരെയും കൂടുതൽ വിനയാന്വിതരാകാൻ സഹായിക്കുകയും ചെയ്യുന്നുവെന്നും പാപ്പാ പറഞ്ഞു. തെറ്റിദ്ധാരണകളെ മറികടക്കാൻ സഹായിച്ചുകൊണ്ട്, കൂടുതൽ നന്ദിയുള്ളവരായി, സംഭാഷണത്തിലേർപ്പെടാൻ എല്ലാവരെയും പ്രചോദിപ്പിക്കുന്ന ഒന്നാണ് സൗമ്യത അല്ലെങ്കിൽ ശാന്തത. അപ്രകാരം മറ്റുള്ളവരുമായുള്ള സ്നേഹബന്ധത്തിൽ ഉത്തരോത്തരം വളരുവാൻ ഈ രണ്ടു പുണ്യങ്ങളും സഹായിക്കട്ടെയെന്നും പാപ്പാ ആശംസിച്ചു.

**അമ്മയെന്ന വാതിൽ**

ഒരമ്മയെന്ന നിലയിൽ, തന്റെ പുത്രനായ യേശുവിലേക്കാണ് പരിശുദ്ധ കന്യകാമറിയം നമ്മെ നയിക്കുന്നതെന്ന്  ഫ്രാൻസിസ് പാപ്പാ. ദൈവമാതാവായ മറിയത്തിന്റെ തിരുനാൾ ആഘോഷിക്കവേ വിശുദ്ധ പത്രോസിന്റെ ബസലിക്കയിൽ വിശുദ്ധബലിമദ്ധ്യേ നടത്തിയ പ്രഭാഷണത്തിലാണ് ക്രൈസ്തവവിശ്വാസത്തിൽ പരിശുദ്ധ അമ്മയ്ക്കുള്ള പ്രാധാന്യം പാപ്പാ പ്രത്യേകം അനുസ്മരിച്ചത്. മറിയത്തിന്റെ ഉദരത്തിലൂടെ നമ്മിലൊരാളായി മാറിയ ദൈവത്തെക്കുറിച്ചും, ജൂബിലിയുമായി ബന്ധപ്പെട്ട് അടുത്തിടെ തുറന്ന വിശുദ്ധവാതിലിനെക്കുറിച്ചും പ്രതിപാദിക്കവേ, പരിശുദ്ധ അമ്മ എന്ന വാതിലിലൂടെയാണ് ക്രിസ്തു ലോകത്തിലേക്ക് കടന്നുവന്നതെന്ന് വിശുദ്ധ അംബ്രോസിന്റെ വാക്കുകൾ പരാമർശിച്ചുകൊണ്ട് പാപ്പാ ഉദ്ബോധിപ്പിച്ചു. "സ്ത്രീയിൽനിന്ന് ജാതനായവൻ" എന്ന ക്രിസ്തുവിനെക്കുറിച്ചുള്ള വിശുദ്ധ പൗലോസിന്റെ വാക്കുകൾ (ഗലാത്തിയർ 4, 4) ഉദ്ധരിച്ച പാപ്പാ, യേ

ശുവെന്ന നമ്മുടെ രക്ഷകൻ, മാംസത്തിന്റേതായ ദൗർബല്യങ്ങൾക്കിടയിലാണ് തന്നെത്തന്നെ വെളിവാക്കിയതെന്ന് പറഞ്ഞു. മാനുഷികമായ ഒരു ഉദരം വഴിയാണ് ദൈവം യഥാർത്ഥ മനുഷ്യനായിത്തീർന്നതെന്ന ചിന്തയാണ് പൗലോസിന്റെ വാക്കുകളിൽ നമുക്ക് കാണാനാവുക. അമൂർത്തമായ ഒരു ദൈവസങ്കല്പം മാത്രം സൃഷ്ടിച്ചെടുക്കുകയെന്ന ഒരു പ്രലോഭനം ഇന്ന് ക്രൈസ്തവരെയുൾപ്പെടെ കീഴ്പ്പെടുത്തുന്നു.ദൈവപുത്രനായ ക്രിസ്തു സമൂർത്തനും യാഥാർത്ഥ മനുഷ്യനുമാണ്. ഒരു സ്ത്രീയിൽനിന്ന് ജനിച്ച അവന് ഒരു മുഖവും പേരുമുണ്ടെന്നും, അവൻ നമ്മെ അവനുമായുള്ള സുദൃഢമായ ബന്ധത്തിനായി ക്ഷണിക്കുന്നുണ്ടെന്നും പാപ്പാ ഓർമ്മിപ്പിച്ചു. ദൈവത്തിൽനിന്ന് വരുന്ന അവൻ, കന്യകാമറിയത്തിന്റെ ഉദരത്തിലാണ് മനുഷ്യനായി ജന്മമെടുക്കുന്നത്. ഉന്നതത്തിൽനിന്ന് വന്ന അവൻ ഭൂമിയോളം താഴ്ന്ന എളിമയിലാണ് ജീവിക്കുന്നത്. ദൈവപുത്രനായ അവൻ മനുഷ്യപുത്രനായി അവതരിക്കുന്നു. നമ്മിലൊരുവനായ അവൻ, അത്യുന്നതനായ ദൈവത്തിൽനിന്നുള്ളവനാണെങ്കിലും ദൗർബല്യത്തിലൂടെയാണ് കടന്നുവരിക. അതുകൊണ്ടുതന്നെ അവന് നമ്മെ രക്ഷിക്കാനാകും.

**കണ്ടത് തിരുകുടുംബത്തെ**

"സ്ത്രീയിൽനിന്ന് ജനിച്ചവൻ" എന്ന പ്രയോഗം, ക്രിസ്തുവിന്റെ മാനവികതയെക്കുറിച്ചാണ് നമ്മോട് സംസാരിക്കുന്നതെന്ന് പാപ്പാ ഓർമ്മിപ്പിച്ചു. പൂജരാജാക്കന്മാർ കണ്ടത് അത്ഭുതകരമായ അടയാളങ്ങളല്ല , മറിയത്തെയും യൗസേപ്പിനെയും കുട്ടിയെയുമാണെന്ന് പാപ്പാ പറഞ്ഞു. യേശുവിന്റെ ജീവിതത്തിലുടനീളം എളിമയുടെയും ഒതുങ്ങിയ ജീവിതത്തിന്റെയും വഴിയാണ് നമുക്ക് കണ്ടുമുട്ടാനാകുന്നത്. വലിയ അടയാളങ്ങളോ അധികാരമോ കാട്ടാനല്ല അവൻ ശ്രമിക്കുന്നത്. മറിച്ച്, നമ്മോടൊപ്പം നമ്മുടെ സാധാരണ ജീവിതം പങ്കിട്ട് ജീവിച്ചുകൊണ്ടും, നമ്മോട് കരുണയും സാമീപ്യവും കാണിച്ചുകൊണ്ടുമാണ് അവൻ മുന്നോട്ടുപോകുന്നത്. നസ്രത്തിലെ കൊച്ചുപെൺകുട്ടി, തന്റെ പുത്രനായ യേശുവെന്ന രഹസ്യത്തിലേക്കാണ് നമ്മെ എപ്പോഴും നയിക്കുന്നതെന്ന് പാപ്പാ ഓർമ്മിപ്പിച്ചു. മാംസത്തിലൂടെ കടന്നുവന്ന യേശു, അവനെ കണ്ടെത്താനാവുന്നത്, നമ്മുടെ ജീവിതത്തിലും, നമ്മുടെ ദുർബലമായ മാനവികതയിലുമാണെന്ന് നമ്മെ ഉദ്ബോധിപ്പിക്കുന്നുണ്ടെന്ന് പാപ്പാ പറഞ്ഞു. മറിയത്തെ ദൈവമാതാവെന്ന് വിളിക്കുന്നതിലൂടെ, ക്രിസ്തു പിതാവിനാൽ ജനിപ്പിക്കപ്പെട്ടവനാണെന്നും, എന്നാൽ ഒരു സ്ത്രീയുടെ ഉദരത്തിൽ ജനിച്ചവനാണെന്നുമാണ് നാം ഉറപ്പിച്ചുപറയുന്നതെന്ന് പാപ്പാ ഓർമ്മിപ്പിച്ചു. ലോകരക്ഷകനായ അവനെ നമുക്ക് കണ്ടുമുട്ടാനാകുമെന്നും, ഓരോ മനുഷ്യമുഖങ്ങളിലും അവനെയാണ് നാം തേടേണ്ടതെന്നും പാപ്പാ ഉദ്ബോധിപ്പിച്ചു.

**സമാധാനത്തിന്റെ സംസ്കാരം**

മറിയത്തെപ്പോലെ ജീവിതത്തിന്റെ നിസ്സാരതയിൽ ദൈവത്തിന്റെ മാഹാത്മ്യം കണ്ടെത്താനും, സ്ത്രീയിൽനിന്ന് ജനിച്ച ഓരോ ജന്മങ്ങളെയും സംരക്ഷിക്കാനും, ഉദരത്തിലുള്ള ജീവനെയും കുട്ടികളെയും സഹനങ്ങളിലൂടെ കടന്നുപോകുന്നവരെയും പാവപ്പെട്ടവരെയും വയോധികരെയും ഏകരായിരിക്കുന്നവരെയും മരണാസന്നരായവരെയും കുറിച്ച് കരുതലുള്ളവരായിരിക്കാനും പുതുവർഷത്തെ ദൈവമാതാവായ മറിയത്തിന് സമർപ്പിക്കാനും പാപ്പാ ആഹ്വാനം ചെയ്തു. തന്റെ പ്രഭാഷണത്തിൽ ലോകസമാധാനത്തെക്കുറിച്ച് പരാമർശിച്ച പാപ്പാ, ഓരോ ജീവിതങ്ങളുടെയും അന്തസ്സ് തിരികെക്കൊടുക്കുകയെന്നതിന്റെ പ്രാധാന്യം എടുത്തുപറഞ്ഞു. സമാധാനത്തിന്റെ ഒരു സാംസ്കാരികത വളർത്തിയെടുക്കുന്നതിനുള്ള അടിസ്ഥാനം കൂടിയാണിതെന്ന് പാപ്പാ വ്യക്തമാക്കി. പഴയകാലത്ത്

മെത്രാന്മാർ ദേവാലയത്തിൽ പ്രവേശിക്കുമ്പോൾ എഫേസൂസിലെ ആളുകൾ ഉദ്ഘോഷിച്ചിരുന്നതുപോലെ, 'പരിശുദ്ധ ദൈവമാതാവേ' എന്ന് മൂന്ന് വട്ടം ഉച്ചത്തിൽ പറയാൻ ഏവരെയും ക്ഷണിച്ചുകൊണ്ടാണ് പാപ്പാ തന്റെ പ്രഭാഷണം അവസാനിപ്പിച്ചത്. അനുരഞ്ജനത്തിന്റെയും പ്രത്യാശയുടെയും സന്ദേശമുണർത്തുന്ന ജൂബിലി വർഷത്തിന്റെ പ്രാധാന്യം അനുസ്മരിച്ചുകൊണ്ട്, കവലിയേരി ദി മാൾട്ടയുടെ, സ്ഥാപകയോഹന്നാന്റെയും, സുവിശേഷകനായ യോഹന്നാന്റെയും സാഹോദര്യ കൂട്ടായ്മയിലെ അംഗങ്ങൾക്ക് ഫ്രാൻസിസ് പാപ്പാ സ്വകാര്യ സദസ് അനുവദിക്കുകയും, അവർക്ക് സന്ദേശം നൽകുകയും ചെയ്തു. കൂട്ടായ്മയുടെ മധ്യസ്ഥയായ ദൈവമാതാവായ പരിശുദ്ധ മറിയം, ഏവരുടെയും വഴികാട്ടിയാണെന്നു പാപ്പാ പറഞ്ഞു. നമുക്കുവേണ്ടി ജനിച്ച രക്ഷകനെ തന്റെ കരങ്ങളിൽ വഹിക്കുന്ന പരിശുദ്ധ അമ്മ, നമ്മെ യേശുവിലേക്ക് ക്ഷണിക്കുന്നുവെന്നു പാപ്പാ അടിവരയിട്ടു പറഞ്ഞു.



**ഒന്നിച്ച് നടക്കുന്നവരാകാം**

വിശുദ്ധ കുർബാനയെ ആരാധിക്കുകയും, അയൽക്കാരെ സേവിക്കുകയും ചെയ്യുന്നതിലൂടെ സ്നേഹത്തിനു സാക്ഷ്യം വഹിക്കുന്ന ഒരു കൂട്ടായ്മയെന്ന നിലയിൽ, ആരാധിക്കുക, സേവിക്കുക, നടക്കുക എന്നിങ്ങനെയുള്ള മൂന്നു ക്രിയകൾ ഓർമ്മപ്പെടുത്തിയും പാപ്പാ സംസാരിച്ചു. പരിശുദ്ധ കുർബാനയുടെ മുമ്പാകെയാണ് സാഹോദര്യം ഊട്ടിയുറപ്പിക്കപ്പെടുന്നതെന്നു പറഞ്ഞ പാപ്പാ, ഈ പങ്കാളിത്തത്തിനു ശക്തി പകരുന്നതിനു പ്രാർത്ഥനയുടെ ആവശ്യകതയും അടിവരയിട്ടു. സേവന മേഖലകളിൽ, നമ്മുടെ സഹായം ആവശ്യപ്പെട്ടു കൊണ്ട് കടന്നുവരുന്ന ഓരോരുത്തരും യേശുവിന്റെ പ്രതിപുരുഷരാണെന്നു പാപ്പാ പറഞ്ഞു. ക്രിസ്തു ഈ ലോകത്തിലേക്കു വന്നത് സേവിക്കാനാണെന്നും, അവനിൽ വിളങ്ങിയിരുന്ന, സാമീപ്യം, അനുകമ്പ, ആർദ്രത എന്നിങ്ങനെയുള്ള ജീവിതമാതൃകകൾ, എല്ലാവരുടെയും ജീവിതത്തിൽ പ്രകടമാകണം. പാപ്പായുടെ ഉപവി പ്രവർത്തനങ്ങൾക്ക് എപ്പോഴും സഹായമായി നിലകൊള്ളുന്ന കൂട്ടായ്മയിലെ പ്രവർത്തകർ, ഒന്നിച്ചു



നടക്കുന്നവരാണെന്നും പാപ്പാ പറഞ്ഞു. ഈസ്റ്റർ ദിനത്തിൽ, ലാറ്ററൻ ബസിലിക്കയിൽ വലിയ മെഴുകുതിരി ഓരോ വർഷവും സംഭാവനയായി നൽകുന്നത്, ഈ കൂട്ടായ്മയാണെന്ന കാര്യവും നന്ദിയോടെ പാപ്പാ സ്മരിച്ചു.

**സേവന മാതൃക**

സ്പെയിനിലെ ഗ്രനാദയിൽനിന്നു വത്തിക്കാനിലെത്തിയ, 'വ്യാകുലമാതാവിന്റെ പേരിലുള്ള കോവിറാൺ സഹകരണമാർക്കറ്റുകളുടെ' പ്രതിനിധികൾക്കനുവദിച്ച സ്വകാര്യ കൂടിക്കാഴ്ചയിൽ പരിശുദ്ധ അമ്മയെപ്പോലെ ലോകത്തിന്റെ വേദനകളറിഞ്ഞ് ശുശ്രൂഷാമനോഭാവത്തോടെ മുന്നോട്ടുപോകേണ്ടതിന്റെ പ്രാധാന്യം ഫ്രാൻസിസ് പാപ്പാ ഓർമ്മിപ്പിച്ചു.പാവപ്പെട്ടവർക്കും, ദുരിതമനുഭവിക്കുന്നവർക്കും, സേവനമനുഷ്ഠിക്കുന്നതിന്റെ പ്രാധാന്യം പാപ്പാ എടുത്തുകാട്ടി; ശുശ്രൂഷയിൽ പരിശുദ്ധ അമ്മയുടെ മാതൃക ചൂണ്ടിക്കാട്ടുകയും ചെയ്തു. സുസ്ഥിരമായ വികസനത്തിനായി, ഒരുക്കത്തോടെ സമൂഹത്തിന് മുന്നിൽ മൂല്യാധിഷ്ഠിതമായ സേവനമേകുന്നതിന്റെ പ്രാധാന്യവും, പ്രകൃതി ദുരന്തങ്ങളും, യുദ്ധങ്ങളും കാരണമോ, കഴിവ് കുറവോ, സമൂഹത്തിലെ അവഗണന മൂലമോ കൂടുതൽ സഹായമാവശ്യമുള്ളവർക്ക് അത് നൽകുന്നതിന്റെ ആവശ്യവും പാപ്പാ വിശദമാക്കി. മറ്റുള്ളവർക്ക് സഹായമെത്തിക്കുന്നതിൽ പരസ്പരസഹകരണത്തിന്റെയും, അതുവഴി മനോഹരമായ ഒരുമയുടെ ഒരു ചിത്രമുണ്ടാക്കുന്നതിന്റെയും ഒപ്പം സമൂഹത്തിൽ ഏവരുടെയും പ്രാധാന്യം തിരിച്ചറിയുന്നതിന്റെയും ആവശ്യവും എടുത്തുപറഞ്ഞു. കോവിറോൺ



സൂപ്പർ മാർക്കറ്റുകളുടെ സ്ഥാപനത്തിന്റെ അറുപത്തിയഞ്ചാം വാർഷികദിനവുമായി ബന്ധപ്പെട്ടായിരുന്നു ഈ പ്രസ്ഥാനത്തിന്റെ പ്രതിനിധികൾ വത്തിക്കാനിലെത്തിയത്. സ്പാനിഷ് ഭാഷയിലായിരുന്നു പാപ്പായുടെ പ്രഭാഷണം. ഗ്രനാദയിലെ കറേരയിലുള്ള പരിശുദ്ധ കന്യകയുടെ ബസലിക്കയിലെ വ്യാകുലമാതാവിന്റെ ചിത്രത്തെ ആധാരമാക്കിയായ പേരാണ് തങ്ങളുടെ സ്ഥാപനത്തിനായി കോവിറാൺ തിരഞ്ഞെടുത്തത്.

**ഏവരും പ്രേഷിതർ**

ഫ്രാൻസിൽ നിന്നുള്ള പ്രേഷിതകോൺഗ്രസ് അംഗങ്ങൾക്ക് സ്വകാര്യ സദസ് അനുവദിച്ച വേളയിലെ സന്ദേശത്തിലൂടെ, സഭയിൽ പ്രേഷിതരാകുവാൻ എല്ലാവർക്കുമുള്ള ഉത്തരവാദിത്വം ഫ്രാൻസിസ് പാപ്പാ എടുത്തു പറഞ്ഞു. ഒരിക്കലും നിരാശപ്പെടുത്താത്ത പ്രത്യാശയുടെ സാക്ഷികളാകണം എല്ലാവരും. സന്തോഷം, പ്രത്യാശയിൽ നിന്നും, പ്രേഷിതപ്രവർത്തനങ്ങളിൽ നിന്നും വേർപെടുത്താനാവാത്തതാണ്. ഈ സന്തോഷം ക്രിസ്തുവിൽ നിന്നും രൂപം കൊള്ളുന്നതും, സഹോദരങ്ങളിലേക്ക് നമ്മെ നയിക്കുന്നതുമാണ്. അതുകൊണ്ട് തീർത്ഥാടകരാകുക എന്നതിനർത്ഥം സഭയിൽ ഒരുമിച്ച് നടക്കുക എന്നാണെന്നും പാപ്പാ ചൂണ്ടിക്കാട്ടി. ഫ്രാൻസിലുടനീളം ക്ഷമയോടെയും വിശ്വാസത്തോടെയും പ്രേഷിതകോൺഗ്രസ് നടത്തുന്ന പ്രവർത്തനങ്ങൾക്ക് പാപ്പാ നന്ദിയർപ്പിച്ചു. യുദ്ധത്താലും നിരവധി അനീതികളാലും കലുഷിതമായ ഒരു ലോകത്തിൽ പ്രത്യാശ ഏറെ പരീക്ഷണങ്ങൾക്ക് വിധേയമാകുന്നുവെന്നും, ഇതെല്ലാം പലപ്പോഴും സംശയവും ഭാവിയെക്കുറിച്ചുള്ള ഭയവും ചിലപ്പോൾ നിരാശയും സൃഷ്ടിക്കുന്നുവെന്നത് യാഥാർഥ്യവുമാണെന്നും പറഞ്ഞ പാപ്പാ, ക്രിസ്ത്യാനികളായ നമുക്ക് ക്രിസ്തുവാണ് പ്രത്യാശയെന്നും, പ്രതീക്ഷയിലേക്കുള്ള വാതിൽ അവൻ മാത്രമാണെന്നും, അതിനാൽ ഈ പ്രത്യാശ മറ്റുള്ളവരുമായി നാം പങ്കുവയ്ക്കണമെന്നും ഓർമ്മിപ്പിച്ചു. മിഷനറിമാരാകുക എന്നതിനർത്ഥം പരിശുദ്ധാത്മാവിനാൽ പ്രചോദിതരാകാൻ നമ്മെത്തന്നെ അനുവദിക്കുക എന്നാണ്. പരിശുദ്ധാത്മാവ് നമ്മെ സർഗ്ഗാത്മകതയിലേക്ക് നയിക്കുന്നു. എവിടെയായിരുന്നാലും സുവിശേഷം പ്രഘോഷിക്കാൻ അവിടുന്നു നമ്മെ ക്ഷണിക്കുന്നു. യുവജനങ്ങളാണ് പ്രത്യാശയുടെ ആദ്യ തീർഥാടകർ. എന്നാൽ പ്രായമായവരെയും പ്രത്യാശയിലേക്ക് നയിക്കുവാനുള്ള ഉത്തരവാദിത്വം മറന്നുപോകരുത്. വിശ്വാസത്തിൽ വളരാനും, തിരഞ്ഞെടുപ്പുകൾ നടത്താൻ ധൈര്യപ്പെടാനും, സുവിശേഷത്തിന്റെ ജീവിക്കുന്ന സാക്ഷികളായ യേശുവിന്റെ മിഷനറി ശിഷ്യന്മാരാകാനും യുവജനങ്ങളെ സഹായിക്കണം.നാം യേശുക്രിസ്തുവിന്റെ ശിഷ്യന്മാരാണെന്ന് ലോകം തിരിച്ചറിയുന്നത് പരസ്പരമുള്ള സ് നേഹത്തിൽ നിന്നാണ് , അതിനാൽ സ്നേഹത്താൽ അന്യോന്യം പരിപാലിക്കുവാനും പാപ്പാ എല്ലാവരെയും ക്ഷണിച്ചു.❍



# വിദ്യാഭ്യാസത്തിനായുള്ള അവകാശത്തിനായി പ്രാർത്ഥിക്കാം, പ്രവർത്തിക്കാം

SPECIAL REPORT

**ഡോ. എഡ്‌വേർഡ് എടേഴത്ത്**
യു എസ് എ



**വത്തിക്കാൻ സിറ്റി:** ജനുവരിയിലേക്കുള്ള പ്രാർത്ഥനാനിയോഗമടങ്ങുന്ന വീഡിയോ സന്ദേശത്തിൽ വിദ്യാഭ്യാസത്തിനായുള്ള അവകാശത്തിനായി പ്രാർത്ഥിക്കാനും പ്രവർത്തിക്കാനും ഫ്രാൻസിസ് പാപ്പാ ഏവരെയും ആഹ്വാനം ചെയ്തു. വിദ്യാഭ്യാസരംഗത്തെ ഒരു ദുരന്തകാലത്താണ് നാം ജീവിക്കുന്നതെന്ന് പാപ്പാ പറഞ്ഞു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്നു വരുന്ന യുദ്ധങ്ങളും സംഘർഷങ്ങളും, അതിന്റെ ഫലമായുണ്ടാകുന്ന കുടിയേറ്റവും ദാരിദ്ര്യവും മൂലം ഏതാണ്ട് ഇരുപത്തിയഞ്ച് കോടിയോളം കുട്ടികൾക്കാണ് വിദ്യാഭ്യാസസാധ്യതകൾ ഇല്ലാതാകുന്നത്. തങ്ങളുടെ കുടിയേറ്റസാഹചര്യങ്ങളുമായി ബന്ധപ്പെട്ട വ്യത്യസ്തതകൾ പരിഗണിക്കാതെതന്നെ എല്ലാ കുട്ടികൾക്കും യുവജനങ്ങൾക്കും സ്കൂളിൽ പോകാനും വിദ്യാഭ്യാസം നേടാനുമുള്ള അവകാശമുണ്ടെന്ന് പാപ്പാ തന്റെ സന്ദേശത്തിൽ ഓർമ്മിപ്പിച്ചു. വിദ്യാഭ്യാസം നേടുകയെന്നത് ഏവരുടെയും ഒരു ഹൃദയാഭിലാഷമാണെന്ന് പാപ്പാ പറഞ്ഞു. കുടിയേറ്റക്കാർക്കും അഭയാർത്ഥികൾക്കും എല്ലായിടങ്ങളിലുമുള്ള വിവേചനം, ക്രിമിനൽ–ചൂഷണ ശൃംഖലകൾ തുടങ്ങിയ അപകടങ്ങളിൽനിന്ന് മോചനം എന്നിവ വിദ്യാഭ്യാസം വഴി ഉറപ്പാകും. ലോകത്ത് നിരവധി പ്രായപൂർത്തിയാകാത്തവരാണ് ചൂഷണം ചെ

യ്യപ്പെടുന്നതെന്ന് പാപ്പാ അപലപിച്ചു. തങ്ങളെ സ്വീകരിക്കുന്ന സമൂഹത്തോട് മെച്ചപ്പെട്ട രീതിയിൽ ഇടകലർന്ന് ജീവിക്കാൻ വിദ്യാഭ്യാസം സഹായിക്കുമെന്ന് പാപ്പാ പറഞ്ഞു. മെച്ചപ്പെട്ട ഒരു ഭാവിയിലേക്കുള്ള വാതിലാണ് വിദ്യാഭ്യാസം നമുക്കായി തുറക്കുന്നത്. അതുവഴി, കുടിയേറ്റക്കാരും അഭയാർത്ഥികളുമായ ആളുകൾക്ക് അവർ തങ്ങളുടെ ജന്മനാട്ടിലേക്ക് തിരികെപ്പോകാൻ തീരുമാനിച്ചാൽ അവിടെയും, തങ്ങളെ സ്വീകരിച്ചിട്ടുള്ള പുതിയ ഇടത്ത് തുടരുകയാണെങ്കിൽ, അവിടെയുമുള്ള പൊതുസമൂഹത്തിന് തങ്ങളുടേതായ സംഭാവനകൾ നൽകാനാകും. പരദേശിയായ ഒരുവനെ സ്വീകരിക്കുന്നവർ യേശുക്രിസ്തുവിനെത്തന്നെയാണ് സ്വീകരിക്കുന്നതെന്നത് നമുക്ക് മറക്കാതിരിക്കാമെന്ന് പാപ്പാ ഓർമ്മിപ്പിച്ചു.'കുടിയേറ്റക്കാരും അഭയാർത്ഥികളും, യുദ്ധത്താൽ ദുരിതമനുഭവിക്കുന്നവരുമായ ആളുകൾക്ക് വിദ്യാഭ്യാസത്തിനായുള്ള അവരുടെ അവകാശം മാനിക്കപ്പെടാനും, അതുവഴി മെച്ചപ്പെട്ട ഒരു ലോകം പടുത്തുയർത്താൻവേണ്ടിയുള്ള വിദ്യാഭ്യാസം ഉറപ്പാക്കപ്പെടാനും വേണ്ടി നമുക്ക് പ്രാർത്ഥിക്കാം.'

## തുടരണം യാത്ര

ഇറ്റലിയിലെ അന്ധരും, കാഴ്ച്ചപരിമിതിയുള്ളവരുമായ യുവജനങ്ങളുടെ പ്രതിനിധി സംഘം ഫ്രാൻസിസ് പാപ്പായുമായി കൂടിക്കാഴ്ച്ച നടത്തി. ജൂബിലി വർഷത്തിന്റെ പ്രാധാന്യം ഓരോരുത്തരുടെയും വ്യക്തിജീവിതത്തിൽ എത്രമാത്രം സ്വാധീനം ചെലുത്തുന്നുവെന്നു ചൂണ്ടിക്കാണിച്ചുകൊണ്ട് പാപ്പാ തദവസരത്തിൽ സന്ദേശം പങ്കുവച്ചു. 2025 വർഷം വ്യക്തിപരമായ വളർച്ചയ്ക്കും, തമ്മിൽത്തമ്മിലുള്ള സൗഹൃദത്തിനും കൂടുതൽ അവസരങ്ങളൊരുക്കട്ടെയെന്നു ആശംസിച്ചു. എന്നാൽ തീർത്ഥാടനം ലക്ഷ്യമില്ലാത്ത ഒരു യാത്രയല്ല, മറിച്ച് ഓരോ തീർത്ഥാടകന്റെയും ലക്ഷ്യം ഒരു വിശുദ്ധ സ്ഥലമാണെന്നതും പാപ്പാ അടിവരയിട്ടു പറഞ്ഞു. ഈ സ്ഥലം അവന്റെ യാത്രയിൽ അവനെ ആകർഷിക്കുകയും, അവനു പ്രചോദനം നൽകുകയും ചെയ്യുന്നു. ഇത് നമ്മുടെ ക്ഷീണം പോലും അകറ്റുവാൻ സഹായിക്കുന്നു. ഇപ്രകാരം യേശുവിന്റെ പ്രതീകമാകുന്ന വിശുദ്ധ വാതിൽ നമ്മുടെ ലക്ഷ്യമാകണമെന്നും, ഇത് പാപത്തിന്റെ അടിമത്തത്തിൽ നിന്ന് മുക്തരായി, ദൈവത്തെയും അയൽക്കാരനെയും സ്നേഹിക്കാനും സേവിക്കാനും, സ്വാതന്ത്ര്യത്തോടെ പുതിയ ജീവിതത്തിലേക്ക് പ്രവേശിക്കാനും നമ്മെ സഹായിക്കുന്നുവെന്നും പാപ്പാ പറഞ്ഞു.

## കലാലയ ദൗത്യം

വിദ്യാഭ്യാസ രംഗത്തിന്റെ മഹനീയതയും, സന്യാസ ജീവിതത്തിൽ പാലിക്കേണ്ടുന്ന നന്മകളും എടുത്തു പറഞ്ഞുകൊണ്ട്, സിയന്നായിലെ വിശുദ്ധ കാതറീന്റെ സ്കൂൾ മിഷനറി സമൂഹത്തിന്റെ പതിനഞ്ചാം പൊതുചാപ്റ്ററിൽ അംഗങ്ങളായവർക്ക് ഫ്രാൻസിസ് പാപ്പാ സന്ദേശം നൽകി. ഒരു കലാലയം എന്നത് ദൗത്യമാണെന്നും, അത് മറന്നുപോകരുതെന്നും പാപ്പാ ഓർമ്മപ്പെടുത്തി. സഭയോടൊപ്പം ഒരുമിച്ചു യാത്രചെയ്യുന്നതിനു ഭാവിയെപ്പറ്റി ചിന്തിക്കുവാൻ, വർത്തമാനകാലത്തെ മനസിലാക്കുക എന്ന ചാപ്റ്ററിന്റെ പ്രധാന ചിന്താവിഷയവും പാപ്പാ അടിവരയിട്ടു. ജീവന്റെ തുടിപ്പുകളുടെ ലക്ഷണം അതിന്റെ ചലനാത്മകതയാണെന്നും, അതിനാൽ ഒരുമിച്ചു യാത്ര ചെയ്യുന്നത് ഏറെ പ്രാധാന്യമർഹിക്കുന്നുവെന്നും പാപ്പാ പറഞ്ഞു. സഭയുടെ സ്ഥാപകയായ ലൂയിജ തിങ്കാനി അനുസ്മരിപ്പിക്കുന്ന മൂന്നു പ്രധാനപ്പെട്ട ജീവിതമാർഗങ്ങളെയും പാപ്പാ എടുത്തു പറഞ്ഞു. വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പാ ഈ മൂന്നുകാര്യങ്ങളെ സംക്ഷിപ്തമായി വിവരി



ക്കുന്നത് ഇപ്രകാരമാണ്: സ്വന്തം വിശുദ്ധീകരണത്തോടുള്ള നിരന്തരമായ പ്രതിബദ്ധത, ഗൗരവമായ ദൈവശാസ്ത്രപരവും, സേവനപരവുമായ തയ്യാറെടുപ്പ്, എല്ലാവരോടും, പ്രത്യേകിച്ച് ചെറുപ്പക്കാരോടുള്ള സൗഹൃദപരവും സ്നേഹപൂർണ്ണവുമായ ജീവിതശൈലി. ഈ മൂന്ന് കാര്യങ്ങളെ അടിവരയിട്ടുകൊണ്ട്, ഫ്രാൻസിസ് പാപ്പാ, തുടർന്ന്, വിശുദ്ധിയുടെ പ്രാധാന്യത്തെ എടുത്തുപറഞ്ഞു. വിശുദ്ധിയെന്ന വാക്ക് ജീവിതത്തിൽ വെല്ലുവിളികൾ നല്കുന്നുവെങ്കിലും, അംഗങ്ങളെ പരസ്പരം ഒന്നിപ്പിക്കുന്ന പുണ്യം ഇതാണെന്നു പാപ്പാ ചൂണ്ടിക്കാട്ടി. ഈ പുണ്യം മറ്റുള്ളവരോട് നന്നായി സംസാരിക്കുവാനും, അപവാദങ്ങൾ ഒഴിവാക്കുവാനും നമ്മെ സഹായിക്കുന്നു. സുവിശേഷപരമായ അർപ്പണബോധത്തെയാണ്, തയ്യാറെടുപ്പ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ന് പറഞ്ഞ പാപ്പാ, പിശാചുമായുള്ള സംഭാഷണം പൂർണ്ണമായി ഒഴിവാക്കിക്കൊണ്ട്, സത്യങ്ങളെ പങ്കുവച്ചുകൊണ്ട് സഹോദര്യത്തിൽ ജീവിക്കുന്നതിനായി എല്ലാവരെയും ക്ഷണിച്ചു. പരസ്പരം കൃതജ്ഞതയോടെ ജീവിക്കണം. അതിനാൽ സൗഹാർദ്ദപരവും സ്നേഹപൂർണ്ണവുമായ ജീവിതശൈലി കൈമുതലാക്കുന്നതിനും, അസൂയ ഒഴിവാക്കി, തെളിഞ്ഞ മുഖഭാവത്തോടെ ജീവിക്കുന്നതിനും പാപ്പാ എല്ലാവരെയും ആഹ്വാനം ചെയ്തു. ഇറ്റാലി



യൻ അധ്യാപക കൂട്ടായ്മയുടെ എൺപതാം വാർഷികത്തോടനുബന്ധിച്ചും, ഇറ്റലിയിലെ കത്തോലിക്കാ സ്കൂളിലെ മാതാപിതാക്കളുടെ കൂട്ടയ്മയുടെ അൻപതാം വാർഷികത്തോടനുബന്ധിച്ചും ഫ്രാൻസിസ് പാപ്പാ സ്വകാര്യ സദസ് അനുവദിച്ചു. തദവസരത്തിൽ, ആധുനികയുഗത്തിൽ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും, അവ നേരിടുന്ന വെല്ലുവിളികളെക്കുറിച്ചും പരാമർശിച്ചുകൊണ്ട് സന്ദേശം നൽകി. ദൈവത്തിന്റെ അധ്യാപനശാസ്ത്രം ദാനത്തിന്റേതാണെന്നും, രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് ഇടയന്മാരോട് പെരുമാറിയിരുന്നതുപോലെ, ഉപേക്ഷിക്കപ്പെട്ടവരിൽ നിന്ന് തുടങ്ങി ഓരോ വ്യക്തിയുടെയും അന്തസ്സ് തിരിച്ചറിയാനും കുട്ടിക്കാലം ഉൾപ്പെടെ ജീവിതത്തിന്റെ ഓരോ ഘട്ടത്തിന്റെയും മൂല്യം വിലമതിക്കാനുമുള്ള ഒരു ക്ഷണമാണ് അധ്യാപനശാസ്ത്രമെന്നും പാപ്പാ പറഞ്ഞു. ഈ അധ്യാപനത്തിന്റെ കേന്ദ്രസ്ഥാനം കുടുംബമാണെന്നു പറഞ്ഞ പാപ്പാ, അവിടെ നിലനിൽക്കേണ്ടുന്ന. സംഭാഷണത്തിന്റെ പ്രാധാന്യവും അടിവരയിട്ടു.


## സാഹോദര്യ മൂല്യം

ഔദ്യോഗികപരമായ നയതന്ത്രബന്ധത്തിനൊപ്പം കുടുംബ, മാനവിക, സാഹോദര്യപരമായ ബന്ധത്തിന്റെയും പ്രാധാന്യം ഉയർത്തിക്കാട്ടി ഫ്രാൻസിസ് പാപ്പാ. പരിശുദ്ധ സിംഹാസനവുമായി നയതന്ത്രബന്ധം പുലർത്തുന്ന രാജ്യങ്ങളുടെയും അന്താരാഷ്ട്രസംഘടനകളുടെയും പ്രതിനിധികൾക്ക് വാർഷിക കൂടിക്കാഴ്ച അനുവദിച്ച വേളയിലാണ് രാജ്യങ്ങൾ തമ്മിലുള്ള ബന്ധത്തിൽ, മാനവിക, സാഹോദര്യ മൂല്യങ്ങൾക്കുണ്ടാകേണ്ട പ്രാധാന്യം പാപ്പാ എടുത്തുകാട്ടിയത്.ജൂബിലിയുടേത്, ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം കൃപയുടെ വർഷമാണെന്ന് ഓർമ്മിപ്പിച്ച പാപ്പാ, ഇത്, കൃപയുടെയും, സത്യത്തിന്റെയും പൊറുക്കലിന്റെയും, സ്വാതന്ത്ര്യത്തിന്റെയും നീതിയുടെയും സമാധാനത്തിന്റെയും വർഷമായിരുന്നെങ്കിൽ എന്ന് പ്രത്യാശ പ്രകടിപ്പിച്ചു.പൊതുനന്മയെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്നവരും, കാരുണ്യത്തിന്റെ ഏറ്റവും ഉയർന്ന മൂല്യങ്ങളിൽ ഒന്നായ രാഷ്ട്രീയരംഗത്ത് പ്രവർത്തിക്കുന്നവരും ജൂബിലിയുടെ സാഹോദര്യ, സാമൂഹ്യ മൂല്യങ്ങളനുസരിച്ച് ജീവിക്കാൻ വിളിക്കപ്പെട്ടവരാണ്. മുൻകൂട്ടി എഴുതി തയ്യാറാക്കിയ തന്റെ പ്രഭാഷണം പാപ്പാ, ജലദോഷം മൂലം തനിക്ക് പകരം പൗരസ്ത്യസഭകൾക്കായുള്ള ഡികാസ്റ്ററിയുടെ ഉപസെക്രട്ടറി മോൺസിഞ്ഞോർ ഫിലിപ്പോ ചമ്പനെല്ലിയെകൊണ്ടാണ് തുടർന്ന് വായിപ്പിച്ചത്. ❍

# സി. ഡോ. സിമോണ
# സമർപ്പിതർക്കായുള്ള ഡിക്കസ്റ്ററി മേധാവി



വത്തിക്കാനിലെ പ്രധാന ചുമതലകളിൽ ഒന്നിലേക്ക് ഇറ്റലിക്കാരിയായ സിസ്റ്റർ സിമോണ ബ്രാംബില്ല നിയമിതയായി. സമർപ്പിതർക്കുവേണ്ടിയുള്ള വത്തിക്കാൻ കാര്യാലയത്തിന്റെ (ഡിക്കസ്റ്ററി) പുതിയ മേധാവിയായാണ് സിസ്റ്റർ സിമോണയെ  ഫ്രാൻസിസ് പാപ്പാ നിയമിച്ചത്. ചരിത്രത്തിൽ ആദ്യമായാണ് ഒരു ഡിക്കസ്റ്ററിയിൽ (ഭരണകാര്യാലയത്തിൽ) സമർപ്പിത പ്രീഫെക്റ്റാകുന്നത്. ഡിക്കസ്റ്ററിയുടെ പ്രോ–പ്രീഫെക്ട് സ്ഥാനത്തേക്ക്, സലേഷ്യൻ സന്യാസസമൂഹത്തിന്റെ മുൻ റെക്ടർ മേജറായ കർദിനാൾ ആൻഗൽ ഫെർണാണ്ടസ് ആർത്തിമേയെയും  നിയമിച്ചു. 2023 സെപ്റ്റംബർ 30–നാണ് ഫ്രാൻസിസ് പാപ്പാ അദ്ദേഹത്തെ കർദിനാൾ പദവിയിലേക്കുയർത്തിയത്. മാർച്ച് 27ന് 60 വയസ്സ് പൂർത്തിയാകുന്ന സിസ്റ്റർ സിമോണ, കോൺസലാത്ത സന്യാസസമൂഹത്തിന്റെ മുൻ സുപ്പീരിയർ ജനറലാണ്. 2023 ഒക്ടോബർ 7 മുതൽ ഇതേ കാര്യാലയത്തിന്റെ സെക്രട്ടറി സ്ഥാനം വഹിച്ചുവരികയായിരുന്നു. നഴ്സിംഗ് ഡിപ്ലോമ കരസ്ഥമാക്കിയശേഷം, സിസ്റ്റർ സിമോണ മൊസാംബിക്കിൽ മിഷനറിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. സമർപ്പിതർക്കായുള്ള ഡിക്കസ്റ്ററിയിൽ ഏഴ് വനിതാ അംഗങ്ങളെ ഫ്രാൻസിസ് പാപ്പാ ആദ്യമായി നിയമിച്ചപ്പോൾ, അതിൽ ഒരാളായിരുന്നു സിസ്റ്റർ.




# പദവിയിലിരിക്കെ ഇതാദ്യമായി മാർപാപ്പയുടെ ആത്മകഥ : 'ഹോപ്പ്'

**SPECIAL REPORT**



**ഫാ. സേവ്യർ പടിയാരംപറമ്പിൽ**
ഓസ്ട്രിയ

ആരോഗ്യ പ്രശ്നങ്ങളാൽ ആഗോള കത്തോലിക്കാസഭയുടെ പരമാധ്യക്ഷപദവി ഒഴിയുമെന്ന അഭ്യൂഹങ്ങൾ ഫ്രാൻസിസ് മാർപാപ്പ തള്ളി. 'എനിക്ക് അസുഖങ്ങളൊന്നുമില്ല. പ്രായമായെന്നത് യാഥാർഥ്യമാണ്, വീൽചെയറിന്റെ സഹായവുമുണ്ട്. പക്ഷേ സഭയുടെ ഭരണം നടത്തുന്നതു ബുദ്ധികൊണ്ടും ഹൃദയം കൊണ്ടുമാണ്, കാലുകൾ കൊണ്ടല്ല...' : 80 രാജ്യങ്ങളിൽ പുറത്തിറങ്ങിയ 'ഹോപ്പ്' എന്ന തന്റെ ആത്മകഥയിലൂടെ പാപ്പാ ലോകത്തെയറിയിച്ചു. കഴിഞ്ഞമാസം എൺപത്തിയെട്ടാം പിറന്നാളാഘോഷിച്ച ഫ്രാൻസിസ് മാർപാപ്പ കടുത്ത ജലദോഷം കാരണം ഈയിടെ വാർഷിക വിദേശനയ പ്രസംഗം സഹായിയെക്കൊണ്ടാണ് വായിപ്പിച്ചത്. കഴിഞ്ഞ രണ്ടുവർഷത്തിനിടെ സമാനമായ ആരോഗ്യപ്രശ്നങ്ങൾ കാരണം പലവട്ടം മാർപാപ്പ പ്രസംഗങ്ങൾ ഉപേക്ഷിക്കുകയോ പരിപാടികളിൽ നിന്ന് വിട്ടുനിൽക്കുകയോ ചെയ്തിട്ടുണ്ട്.

ഓരോ തവണയും അദ്ദേഹം സ്ഥാനമൊഴിയുമെന്ന വാർത്ത പ്രചരിക്കാറുണ്ട്. ഈ അഭ്യൂഹങ്ങൾക്കാണ് 'ഹോപ്പ്' (പ്രതീക്ഷ) എന്ന ആത്മകഥയിൽ ഫ്രാൻസിസ് മാർപാപ്പ വിരാമമിടുന്നത്. പദവിയിലിരിക്കേ ഒരു മാർപാപ്പയുടെ ആത്മകഥ



യിറങ്ങുന്നത് ആദ്യമാണ്. ലാറ്റിനമേരിക്കയിൽനിന്നുള്ള ആദ്യ മാർപാപ്പയായ ഫ്രാൻസിസിന്റെ സ്പെയിനിലെ ബാല്യംമുതലുള്ള ജീവിതമാണ് 'ഹോപ്പി'ലെ പ്രതിപാദ്യം. ഇറ്റാലിയൻ മാധ്യമപ്രവർത്തകനായ കാലോ മൂസോയുമായി ഫ്രാൻസിസ് പാപ്പ നടത്തിയ ആറുവർഷത്തിലേറെ നീണ്ട സംഭാഷണങ്ങളിൽ നിന്നാണ് ആത്മകഥ പിറന്നത്.രണ്ട് ഭാഗങ്ങളുള്ള ആത്മകഥയുടെ ആദ്യഭാഗം നേരത്തേ പുറത്തിറങ്ങിയിരുന്നു. രണ്ടാം ഭാഗം തന്റെ മരണശേഷം പ്രസിദ്ധീകരിക്കാനാണ് ഫ്രാൻസിസ് മാർപാപ്പ ആദ്യം തീരുമാനിച്ചിരുന്നതെന്ന് പ്രസാധകരായ മൊൺടാദോരി പറഞ്ഞു. എന്നാൽ ഇക്കുറി വിശുദ്ധാവർഷാചരണത്തിന്റെ പ്രമേയം ഹോപ് അഥവാ പ്രതീക്ഷ ആയതിനാൽ ഈ വർഷം തന്നെ പ്രസിദ്ധീകരിക്കാമെന്ന് പാപ്പാ തന്നെ നിർദേശിക്കുകയായിരുന്നു. 303 പേജുകളടങ്ങിയതാണ് ആത്മകഥയുടെ രണ്ടാം ഭാഗം. 2013ലാണ് 140 കോടി അംഗബലമുള്ള കത്തോലിക്കാസഭയുടെ പരമാധ്യക്ഷനായി ഫ്രാൻസിസ് മാർപാപ്പ ചുമതലയേറ്റത്. മാർപാപ്പയാകുന്ന ആദ്യ ലാറ്റിനമേരിക്കൻ. ബ്യൂണസ് ഐറിസിലെ ബാല്യകാലവും അർജന്റീനയിൽ ബിഷപ്പായി പ്രവർത്തിച്ചകാലവും ആഗോളസഭയുടെ അധ്യക്ഷനായി എടുത്ത സുപ്രധാന തീരുമാനങ്ങളുമെല്ലാം 'ഹോപ്പി'ൽ വിശദീകരിക്കുന്നുണ്ട്. സ്വവർഗാനുരാഗികളുടെ വിവാഹം ആശീർവദിക്കാൻ പുരോഹിതരെ അനുവദിച്ച വിപ്ലവകരമായ തീരുമാനത്തെക്കുറിച്ചും ഇതിലുണ്ട്. 'മനുഷ്യരാണ് ആശീർവദിക്കപ്പെടുന്നത്, ബന്ധമല്ല. സ്വവർഗാനുരാഗം കുറ്റകൃത്യമല്ല, അതൊരു മാനുഷിക യാഥാർഥ്യമാണ്.' മാർപാപ്പ കുറിച്ചു. സ്വന്തം തീരുമാനങ്ങളെക്കുറിച്ചുള്ള നിഷ്പക്ഷമായ വിലയിരുത്തലും ഖേദപ്രകടനങ്ങളും ആത്മകഥയിലുണ്ട്. സഹപാഠിയെ ഇടിച്ച് ബോധം കെടുത്തിയതും ഒടിച്ച സൈക്കിൾ നന്നാക്കാനുള്ള പണം നൽകാൻ സഹപാഠിയെ നിർബന്ധിച്ചതും ചെറുപ്പകാലത്തെ നാണക്കേടുണ്ടാക്കുന്ന സംഭവങ്ങളായി പാപ്പ വിവരിക്കുന്നു. എന്നാൽ, പാപ്പയുടെ ജീവിതത്തിലെ അധികം അറിയപ്പെടാത്ത ഏടുകൾ 'ഹോപ്പി'ലും അനാവൃതമാകുന്നില്ല. 1990–92

കാലത്ത് അർജന്റീനയിലെ കോർഡോബയിൽ ചെലവിട്ടകാലവും ജർമനിയിൽ ദൈവശാസ്ത്രത്തിൽ ഗവേഷണം നടത്തിയിരുന്ന കാലവുമാണത്. 2013 മാർച്ചിൽ തന്നെ മാർപാപ്പയായി തിരഞ്ഞെടുക്കാൻ നടത്തിയ കോൺക്ലേവിനെക്കുറിച്ച് വിശദമായ വിവരണമുണ്ട്. ആദ്യ വോട്ടെടുപ്പുകൾ താൻ ശ്രദ്ധിച്ചിരുന്നില്ലെന്ന് അദ്ദേഹം പറയുന്നു. എന്നാൽ, നാലാംവട്ടത്തിൽ 69 വോട്ടുകിട്ടി.അതോടെ വിധി തീരുമാനിക്കപ്പെട്ടുകഴിഞ്ഞുവെന്ന് തിരിച്ചറിഞ്ഞു. 115 കർദിനാൾമാരിൽ 77 പേരുടെ വോട്ടു കിട്ടുന്നയാളാണ് മാർപാപ്പയാകുക. മിലാൻ ആർച്ച്ബിഷപ്പ് കർദിനാൾ ആഞ്ജെലോ സ്കോളയെ ആലിംഗനം ചെയ്യുകയാണ് വോട്ടെടുപ്പിന്റെ ഫലം വന്നശേഷം താൻ ആദ്യം ചെയ്തതെന്നും പാപ്പ പറയുന്നു. 2021ൽ വൻകുടലിനെ ബാധിക്കുന്ന ഡൈവെർട്ടിക്കുലൈറ്റിസ് രോഗം ഭേദമാക്കാൻ ഫ്രാൻസിസ് മാർപാപ്പയെ ശസ്ത്രക്രിയയ്ക്ക് വിധേയനാക്കിയിരുന്നു. 2023ൽ ഹെർണിയ ശസ്ത്രക്രിയയും നടത്തി. ഓരോ തവണയും ആശുപത്രിയിൽ പ്രവേശിപ്പിക്കുമ്പോൾ 'കോൺക്ലേവ്' അഭ്യൂഹം പരക്കുന്നതിനെക്കുറിച്ച് തനിക്കറിയാമെന്ന് മാർപാപ്പ പുസ്തകത്തിൽ പറയുന്നു. 'എന്നാൽ ശസ്ത്രക്രിയ നടന്ന ദിവസങ്ങളിൽപ്പോലും രാജിയെക്കുറിച്ച് ആലോചിച്ചിട്ടില്ല.'

## 'അമേരിഗോ വെസ്പുച്ചി' ജൂബിലി ദൈവാലയം

ഇറ്റാലിയൻ നാവിക കപ്പലായ 'അമേരിഗോ വെസ്പുച്ചി' 2025 ജൂബിലി ദൈവാലയമായി തിരഞ്ഞെടുക്കപ്പെട്ടു. ഇറ്റലി മിലിട്ടറി ഓർഡിനേറിയറ്റിലെ ആർച്ച്ബിഷപ് സാന്റോ മാർസിയാനോയാണ് 'അമേരിക്ക' എന്ന പേരിന് പ്രചോദകമായ പതിനഞ്ചാം നൂറ്റാണ്ടിലെ പര്യവേക്ഷകന്റെ പേരിലുള്ള കപ്പലിനെ പുതുചരിത്രത്തിന്റെ ഭാഗമാകാൻ തിരഞ്ഞെടുത്തത്. 1931–ൽ നിർമാണം പൂർത്തീകരിച്ച കപ്പൽ, 2023 ജൂലൈ മുതൽ ഇറ്റലിയുടെ സാംസ്കാരിക അംബാസഡറായി ലോകമെമ്പാടും പര്യടനം നടത്തുകയാണ്. ജൂബിലി വർഷത്തിൽ ബിഷപ്പുമാർ തിരഞ്ഞെടുക്കുന്ന ദൈവാലയങ്ങളിലേക്ക് തീർത്ഥാടനം നടത്തുന്നതിലൂടെയും കത്തോലിക്കർക്ക് പൂർണദണ്ഡവിമോചനം നേടാനുള്ള അവസരം ഉണ്ട്.അമേരിഗോ വെസ്പുച്ചി ഇനി 'വിശുദ്ധ തീർത്ഥാടനങ്ങൾക്കും കടലിലെ ദൗത്യങ്ങൾക്കിടയിൽ ഭക്തിനിർഭരമായ സന്ദർശനങ്ങൾക്കുമുള്ള' ഒരു ജൂബിലി കേന്ദ്രമായിരിക്കും.

ജൂബിലി വർഷത്തിൽ കപ്പലിലെ ചാപ്ലിൻ ഡോൺ മൗറോ മെഡാഗ്ലിനി നാവികർക്ക് വേണ്ട ആത്മീയ സേവനങ്ങൾ ലഭ്യമാക്കുമെന്ന് ആർച്ചുബിഷപ് മാർസിയാനോ പറഞ്ഞു.സാംസ്കാരിക അംബാസഡറായുള്ള യാത്രയ്ക്കിടയിൽ ലോസ് ആഞ്ചൽസ്, ടോക്കിയോ, മുംബൈ, ദോഹ, അബുദാബി തുടങ്ങിയ തുറമുഖങ്ങളിൽ ' അമേരിഗോ വെസ്പുച്ചി എത്തിയിരുന്നു.കപ്പലിനെ ജൂബിലി ദൈവാലയമായി പ്രഖ്യാപിച്ചതിലൂടെ നാവികർക്ക് ജൂബിലി വർഷത്തിലെ ദണ്ഡവിമോചനത്തിന്റെ ആത്മീയ ഫലങ്ങൾ അനുഭവിക്കാൻ സാധിക്കുമെന്ന് ആർച്ചുബിഷപ് വ്യക്തമാക്കി. കപ്പലിൽ നിലവിൽ ചാപ്പൽ ഇല്ലെങ്കിലും കാലാവസ്ഥ അനുവദിക്കുമ്പോൾ, ഡെക്കിന് മുകളിലോ അല്ലെങ്കിൽ ഉള്ളിലെ ഒരു ആടിയത്തിലോ കപ്പലിന്റെ ചാപ്ലിൻ കുർബാന അർപ്പിക്കാറുണ്ട്. ❍



# ലോകത്തിലെ അമ്മമാരിലൂടെ ദൈവനാമം വാഴ്ത്തപ്പെടട്ടെ



മാതൃത്വത്തിന്റെ മഹത്വവും പ്രാധാന്യവും ജീവൻ എന്ന ദൈവിക ദാനമാണെന്ന് പാപ്പാ പഠിപ്പിക്കുന്നു.

ലൂക്കയുടെ സുവിശേഷം ഒന്നാം അദ്ധ്യായം 39 മുതൽ 45 വരെയുള്ള ദൈവവചന ഭാഗം വിശദീകരിച്ചു കൊണ്ടാണ് പാപ്പ ഈ സത്യം നമ്മെ പഠിപ്പിക്കുന്നത്. മംഗള വാർത്ത ശ്രവിച്ച മറിയം ഗർഭിണിയായ തന്റെ ചാർച്ചക്കാരി എലിസബത്തിനെ സന്ദർശിക്കാൻ പോകുന്നതും മറിയത്തിന്റെ അഭിവാദനം ശ്രവിച്ച എലിസബത്തിന്റെ ഉദരത്തിൽ ശിശു കുതിച്ചു ചാടുന്നതും എലിസബത്താകട്ടെ നീ സ്ത്രീകളിൽ അനുഗ്രഹീതയും നിന്റെ ഉദരഫലം അനുഗ്രഹീതവും എന്ന് പ്രത്യഭിവാദ്യം ചെയ്യുന്നതുമായ സംഭവ വിവരണ ഭാഗമാണ് വിചിന്തനത്തിന് പാപ്പാ തിരഞ്ഞെടുത്തത്.



## മറിയം എലിസബത്തിനെ സന്ദർശിക്കുന്നു

ഗർഭിണിയായ ബന്ധു എലിസബത്തിനെ സന്ദർശിക്കുന്ന പരി.മറിയത്തെയാണ് പാപ്പ ഇവിടെ അവതരിപ്പിക്കുന്നത്. മാതൃത്വത്തിന്റെ അസാധാരണമായ ദാനത്താൽ സന്തോഷവതികളായ രണ്ട് സ്ത്രീകളുടെ സമാഗമമാണ് അവരുടേത്: ലോക രക്ഷകനായ ഈശോയെ ഗർഭം ധരിച്ചിട്ടുള്ള പരി.മറിയവും (ലൂക്ക. 1.34–35) ജനന ശേഷം മിശിഹായ്ക്ക് വഴി ഒരുക്കുവാനുള്ളവനായ സ്നാപക യോഹന്നാനെ വാർദ്ധക്യത്തിൽ ഗർഭം ധരിച്ചിരിക്കുന്ന എലിസബത്തും (ലൂക്ക.1:13 – 17). ഈ മഹത് സ്ത്രീകൾ ലഭിച്ച ദൈവ കൃപ തിരിച്ചറിഞ്ഞ് സ്വയം ആത്മീയ ആനന്ദം അനുഭവിച്ചവരായിരുന്നു. കുഞ്ഞുങ്ങൾ ദൈവ ദാനമായി അംഗീകരിച്ച് സ്വീകരിച്ചവരായിരുന്നു.

## കുഞ്ഞുങ്ങൾ ജീവന്റെ ദാനം

ഫ്രാൻസിസ് പാപ്പ പറയുന്നത് പരിശുദ്ധ മറിയത്തിനും വിശുദ്ധ എലിസബത്തിനും സന്തോഷിക്കാൻ ധാരാളം വകയുണ്ട് എന്നാണ്. അതിതീവ്ര ഭക്തചിന്തയോടെ ഇവരെ അനുദിന ജീവിതത്തിൽ സാധാരണ സംഭവിക്കാത്ത മഹാത്ഭുതങ്ങളുടെ നായികകളായി കണ്ട് നമുക്ക് പിൻചെല്ലാൻ സാധിക്കാത്തതാണ് എന്ന ചിന്ത അവർ നമ്മിൽ നിന്നും അകലെയാണെന്നു കരുതി മുന്നോട്ട് പോകുന്ന ഒരു പ്രവണത ഉണ്ടാക്കും. എന്നാൽ നമുക്ക് പരിശുദ്ധ സുവിശേഷത്തിൽ നിന്നും ലഭിക്കുന്ന സന്ദേശം തികച്ചും വിഭിന്നമാണ്. വാസ്തവത്തിൽ ദൈവത്തിന്റെ രക്ഷാകര പ്രവർത്തനത്തിന്റെ മഹത്തായ അടയാളങ്ങളെക്കുറിച്ച് ധ്യാനിക്കുന്നതു വഴി നമ്മൾ ദൈവ ശക്തിയിൽ നിന്ന് അകലെയാണെന്ന തോന്നലുണ്ടാക്കരുത്. മറിച്ച് ദൈവ സാന്നിദ്ധ്യവും ദൈവത്തോടുള്ള സ്നേഹവും നമ്മുടെ കൂടെയാണ് എന്ന് തിരിച്ചറിയാൻ നമ്മെ സഹായിക്കും തീർച്ച. ഓരോ കുഞ്ഞും ജീവന്റെ ദാനമാണ്. ഈ ദാനത്തിലൂടെ മാതൃത്വത്തിന്റെ മഹനീയത സംപ്രേക്ഷക്ഷണം ചെയ്യപ്പെടുന്നു.

## മാതൃത്വത്തിന്റെ മഹനീയത

ഫ്രാൻസിസ് പാപ്പ ഗർഭണികളും കൈകുഞ്ഞുങ്ങളുള്ള അമ്മമാരുമായ എല്ലാവരേയും വലിയ ആദരവോടും മാതൃത്വത്തിന്റെ ഉന്നത മഹനീയത വെളിവാക്കി കൊണ്ടും തന്റെ പ്രബോധനം തുടർന്നു. ഗർഭണികളായ പരിശുദ്ധ മറിയവും എലിസബത്തും പ്രതീക്ഷയിൽ കഴിയുന്ന സ്ത്രീകളുടെ മാതൃകയും പ്രതീകങ്ങളുമാണ്. ഈ സ്ത്രീ രത്നങ്ങളുടെ മനോഹാരിതയിൽ വിസ്മയം കൊള്ളാൻ നമുക്ക് കഴിയണമെന്ന് ഫ്രാൻസിസ് പാപ്പ പ്രബോധിപ്പിക്കുന്നു. ജീവന്റെ അത്ഭുതത്തിനു മുമ്പിൽ സ്വയം ഇല്ലാതാക്കുന്ന ഒരനുഭവം പാപ്പ പങ്കുവെക്കുന്നു. പാപ്പ അർജന്റീനയിൽ മെത്രാപ്പോലീത്തയായിരുന്ന സമയത്ത് പല



പ്പോഴും ബസിൽ യാത്ര ചെയ്യാറുണ്ടായിരുന്നു. അപ്പോൾ ബസിൽ ഒരു ഗർഭിണി കയറിയാൽ പാപ്പ ഉടൻ എഴുന്നേറ്റ് ആ ഗർഭിണിക്ക് സീറ്റ് നൽകുമായിരുന്നു എന്ന്. ഇതിനു കാരണമായി പാപ്പ പറയുന്നത് ഗർഭിണിയായവൾ പ്രതീക്ഷയുടേയും ആദരവിന്റേയും അടയാളമാണ് എന്നാണ്. ഓരോ അമ്മയിലൂടേയും ദൈവനാമം സ്തുതിക്കപ്പെടുന്നു.

**അമ്മമാരിലൂടെ ദൈവനാമം സ്തുതിക്കപ്പെടുന്നു.**

ഫ്രാൻസീസ് പാപ്പ പഠിപ്പിക്കുന്നത് കുഞ്ഞിനെ കരങ്ങളിലോ ഉദരത്തിലോ വഹിക്കുന്ന ഒരമ്മയെ കണ്ടുമുട്ടുമ്പോഴെല്ലാം സന്തോഷത്തിന്റെ വികാരങ്ങൾ പ്രകടിപ്പിക്കണമെന്നാണ്. എലിസബത്തിനെ പോലെ നമുക്കും പറയാൻ കഴിയണം 'നീ സ്ത്രീകളിൽ അനുഗ്രഹീതയാണ്. നിന്റെ ഉദരഫലവും അനുഗ്രഹീതം' (ലൂക്ക 1:42) പരിശുദ്ധ മറിയത്തെ പോലെ നമുക്കും ആലപിക്കാം: 'എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു'. (ലൂക്ക. 1.46) അങ്ങനെ എല്ലാ മാതൃത്വവും അനുഗ്രഹീതമാകട്ടെ എന്ന് പാപ്പ ആശംസിക്കുന്നു. കുഞ്ഞുങ്ങൾക്ക് ജീവനേകുന്നതിനുള്ള അധികാരം സ്ത്രീ പുരുഷന്മാർക്കേകിയ ദൈവത്തിന്റെ നാമത്തിന് ലോകത്തിലെ എല്ലാ അമ്മമാരിലൂടേയും നന്ദിയർപ്പിക്കപ്പെടുകയും ദൈവനാമം വാഴ്ത്തപ്പെടുകയും ചെയ്യാം. ജനിക്കുന്ന ഓരോ കുഞ്ഞിനും വേണ്ടി കർത്താവിനെ നാം സ്തുതിക്കുകയും വാഴ്ത്തുകയും ചെയ്യണം. പരിശുദ്ധ അമ്മയെ പോലെ ശക്തനായവൻ എനിക്കു വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു എന്ന് പറയാൻ നമുക്കും കഴിയട്ടെ. അതിനായി ജീവനെ സ്വീകരിക്കുന്നവരും ജീവന്റെ രഹസ്യത്തിന്റെ മുന്നിൽ നന്ദിയും അൽഭുതവും പ്രകടിപ്പിക്കാനും അനുഭവിക്കാനും മനസ്സുള്ളവരുമായി നമുക്കു മാറാം. ഇതിനായി നമ്മെ സ്നേഹപിതാവായ ദൈവം പ്രാപ്തരാക്കട്ടെ. ❍



# ആകാശത്തേക്ക് പറന്നുയരുവിൻ!

*വത്തിക്കാനിൽ വിശുദ്ധ പത്രോസിന്റെ ബസിലിക്കയുടെ സമീപത്തുള്ള പോൾ ആറാമൻ ശാലയിൽ ഫ്രാൻസീസ് പാപ്പായുടെ പ്രതിവാര പൊതുദർശന പരിപാടിയിൽ സുവിശേഷവത്ക്കരണ തീക്ഷ്ണതയെ അധികരിച്ച് പാപ്പാ നടത്തിയ പുതിയ പ്രബോധനപരമ്പര.*

അവതരണം: **ബ്ര. തോമസ് പോൾ കൊടിയൻ**




139. ഒരു യുവവ്യക്തിയിൽ ഞാൻ എന്താണു കാണുന്നതെന്ന് കുറച്ചുകാലം മുമ്പ് ഒരു സ്നേഹിതൻ എന്നോടു ചോദിച്ചു. ഇതായിരുന്നു എന്റെ മറുപടി: "അവന്റെ അല്ലെങ്കിൽ അവളുടെ സ്വന്തം പാത തേടുന്ന ഒരാളെ, അവരുടെ രണ്ടു കാലുകളിൽ പറക്കാൻ ആഗ്രഹിക്കുന്ന ഒരാളെ, ലോകത്തെ അഭിമുഖീകരിക്കുകയും ഭാവിയുടെ ചക്രവാളങ്ങളെ പ്രത്യാശയും വ്യാമോഹവും നിറഞ്ഞ കണ്ണുകളോടുകൂടി നോക്കുകയും ചെയ്യുന്ന ഒരാളെ ഞാൻ കാണുന്നു. മുതിർന്നവർ ചെയ്യുന്നതുപോലെ ഒരു യുവവ്യക്തി രണ്ടു കാലുകളിലാണ് നിൽക്കുന്നത്. എന്നാൽ സമാന്തരപാദങ്ങളുള്ള മുതിർന്നവരെ അതിലംഘിച്ചു പുറപ്പെടാൻ, കുതിച്ചുയരാൻ, സന്നദ്ധനായി അവൻ എപ്പോഴും ആ കാൽ മുമ്പോട്ടുവയ്ക്കുന്നു. എപ്പോഴും മുന്നോട്ട് ആഞ്ഞുകൊണ്ട്. യുവജനങ്ങളെക്കുറിച്ചു സംസാരിക്കുക എന്നത് വാഗ്ദാനത്തെക്കുറിച്ചും ആനന്ദത്തെക്കുറിച്ചും സംസാരിക്കുക എന്നതാണ്. യുവജനങ്ങൾക്ക് അത്രയധി



കം ശക്തിയുണ്ട്, പ്രത്യാശയോടുകൂടി ഭാവിയിലേക്കു നോക്കാൻ അവർക്കു കഴിയും. ഒരു നിശ്ചിത അളവ് വരെ നിർബന്ധബുദ്ധിയുള്ള യുവവ്യക്തി ഒരു ജീവിതവാഗ്ദാനവുമാണ്. സ്വയം വ്യാമോഹിപ്പിക്കാനുള്ള വിഡ്ഢിത്തം അവനുണ്ട്. ആ വ്യാമോഹത്തിൽനിന്നും പ്രത്യാഗമിക്കാനുള്ള ദൃഢനിശ്ചയവും അവനുണ്ട്."

140. ചില യുവജനങ്ങൾ ജീവിതത്തിന്റെ ഈ ഘട്ടത്തെ വെറുത്തേക്കാം. എന്തെന്നാൽ, കുട്ടികളായിരിക്കുന്നതു തുടരാൻ അഥവാ അവരുടെ കൗമാരം അനിശ്ചിതമായി നീട്ടിവച്ച് തീരുമാനങ്ങൾ എടുക്കുന്നതു മാറ്റിവയ്ക്കാൻ അവർ ആഗ്രഹിക്കുന്നു. "അങ്ങനെ, സുനിശ്ചിതമായതിനെക്കുറിച്ചുള്ള ഭയം തീരുമാനം എടുക്കുന്നതുസംബന്ധിച്ച് ഒരുതരം തളർച്ച ഉളവാക്കുന്നു. എങ്കിലും യുവജനങ്ങൾക്ക് വെറുതെയിരിക്കാൻ കഴിയുകയില്ല. അത് തിരഞ്ഞെടുപ്പുകളുടെ പ്രായമാണ്. അതിന്റെ വശ്യതയും ഏറ്റവും വലിയ ഉത്തരവാദിത്തവും ഇവിടെ സ്ഥിതിചെയ്യുന്നു. അവരുടെ ജീവിതങ്ങളുടെ രൂപം നിർണ്ണയിക്കുന്ന, തൊഴിൽപരവും സാമൂഹികവും രാഷ്ട്രീയവുമായ മണ്ഡലങ്ങളിലും കൂടുതൽ വിപ്ലവകരമായ മറ്റ് മാർഗങ്ങളിലും യുവജനങ്ങൾ തീരുമാനങ്ങൾ എടുക്കുന്നു." സ്നേഹത്തെക്കുറിച്ചും ഒരു ജീവിതപങ്കാളിയെ തിരഞ്ഞെടുത്ത് ഒരു കുടുംബം ആരംഭിക്കുന്നതിനെക്കുറിച്ചുംകൂടി അവർ തീരുമാനങ്ങൾ എടുക്കുന്നു. അവസാനത്തെ അധ്യായങ്ങളിൽ, വ്യക്തിപരമായ ദൈവവിളികളും അവയുടെ വിവേചനവും പ്രതിപാദിക്കുമ്പോൾ, ഈ വിഷയങ്ങളെ നമ്മൾ കൂടുതൽ അടുത്തുകാണും.

141, എന്നാൽ, തീരുമാനങ്ങൾ ഉളവാക്കുന്ന ഈ പ്രത്യാശകൾക്കും സ്വപ്നങ്ങൾക്കും എതിരായി, പരാതിപ്പെടാനോ ഉപേക്ഷിക്കാനോ ഉള്ള പ്രലോഭനം എപ്പോഴുമുണ്ട്. "നമുക്ക് അത് "വിലാപ ദേവത'യെ ആരാധിക്കുന്നവർക്കു വേണ്ടി വിടാം... അവൾ ഒരു വ്യാജദേ



വതയാണ്: അവൾ നിങ്ങളെ തെറ്റായ വഴി സ്വീകരിപ്പിക്കുന്നു. എല്ലാം നിശ്ചലവും കെട്ടി നിൽക്കുന്നതും ആയി കാണപ്പെടുമ്പോൾ, നമ്മുടെ വ്യക്തിപരമായ വിഷയങ്ങൾ നമ്മെ ശല്യപ്പെടുത്തുമ്പോൾ, സാമൂഹിക പ്രശ്നങ്ങൾക്ക് ശരിയായ ഉത്തരങ്ങൾ കണ്ടെത്താത്തപ്പോൾ, ഉപേക്ഷിക്കുന്നത് നല്ലതല്ല. യേശുവാണ് വഴി: നിങ്ങളുടെ "വഞ്ചി'യിൽ അവിടുത്തെ സ്വാഗതം ചെയ്യുകയും ആഴക്കടലിലേക്കു പോകുകയും ചെയ്യുക! അവിടുന്ന് കർത്താവാണ്! നാം ജീവിതത്തെ കാണുന്ന രീതി അവിടുന്ന് മാറ്റുന്നു. യേശുവിലുള്ള വിശ്വാസം വലിയ പ്രത്യാശയിലേക്കും, ദൈവ വചനത്തിലും അവിടുന്നു നൽകുന്ന ക്ഷണത്തിലും അധിഷ്ഠിതമായ ഒരു സുനിശ്ചിതത്വത്തിലേക്കും നയിക്കുന്നു; നമ്മുടെ യോഗ്യതയും വൈദഗ്ധ്യവും മൂലമല്ല. അമിതമായ മാനുഷിക കണക്കുകൂട്ടലുകളില്ലാതെ, സുരക്ഷിതത്വത്തെ വെല്ലുവിളിക്കുന്ന കാര്യങ്ങളെക്കുറിച്ച് ആകുലപ്പെടാതെ, ആഴക്കടലിലേക്കു നീങ്ങുക. നിങ്ങളിൽനിന്നുതന്നെ പുറത്തുകടക്കുക.'

142. നിങ്ങളുടെ പ്രത്യാശകളെയും സ്വപ്നങ്ങളെയും പിൻതുടർന്നുകൊണ്ടിരിക്കുക. എന്നാൽ, നമ്മളെ പുറകോട്ടു വലിക്കാൻ കഴിയുന്ന ഒരു പ്രലോഭനത്തെക്കുറിച്ച് ശ്രദ്ധയുള്ളവരാകുവിൻ. അത് ഉത്ക്കണ്ഠയാണ്. തത്ക്ഷണഫലങ്ങൾ നാം കാണാത്തപ്പോഴൊക്കെ പരിശ്രമങ്ങൾ ഉപേക്ഷിക്കാൻ ഇടയാക്കിക്കൊണ്ട്, നമുക്കെതിരെ പ്രവർത്തിക്കാൻ ഉത്ക്കണ്ഠക്കു കഴിയും. നമ്മുടെ ഏറ്റവും നല്ല സ്വപ്നങ്ങൾ പൂവണിയുന്നത് പ്രത്യാശയിലൂടെയും ക്ഷമയിലൂടെയും പ്രതിബദ്ധതയിലൂടെയും മാത്രമാണ്, തിടുക്കത്തിലല്ല. അവസരങ്ങളെ ഉപയോഗിക്കുമ്പോഴും തെറ്റുകൾ സംഭവിക്കുമ്പോഴും നാം ഭയപ്പെടരുത്, ജീവിക്കുകയും എന്നാൽ മരിച്ചിരിക്കുകയും (മരിച്ചവരെപ്പോലെ ജീവിച്ചിരിക്കുന്നവരുടെ) ചെയ്യുന്നവരുടെ തളർവാത്ത നിങ്ങൾ ഉപേക്ഷിക്കുവിൻ. അവർക്കു ജീവനില്ല. അവർ പ്രതിബന്ധങ്ങൾ ഏറ്റെടുക്കാൻ ഭയപ്പെടുന്നു. തെറ്റുകൾ സംഭവിക്കുന്നതും സമർപ്പണത്തോടു വിശ്വസ്തരായിരിക്കുന്നതും അവർക്കു ഭയം ഉളവാക്കുന്നു. നിങ്ങൾ തെറ്റുകൾ ചെയ്താൽപ്പോലും നിങ്ങൾക്ക് എപ്പോഴും എഴുന്നേറ്റ് പുതിയതായി തുടങ്ങാൻ കഴിയും. എന്തെന്നാൽ, നിങ്ങളിൽനിന്ന് പ്രത്യാശ അപഹരിക്കാനുള്ള അവകാശം ആർക്കുമില്ല.

143. പ്രിയപ്പെട്ട യുവജനങ്ങളേ, നിങ്ങളുടെ യുവത്വത്തിന്റെ ഈ ദിവസങ്ങൾ ഏറ്റവുമധികം പ്രയോജനപ്പെടുത്തുക. ജീവിതത്തെ ഒരു മട്ടുപ്പാവിൽനിന്ന് നിരീക്ഷിക്കരുത്. സന്തോഷത്തെ ഒരു ചാരുകസേരയായി തെറ്റിദ്ധരിക്കുകയോ ഒരു തിരശ്ശീലക്കുപിന്നിൽ നിങ്ങളുടെ ജീവിതം നയിക്കുകയോ അരുത്. നിങ്ങൾ എന്തുചെയ്താലും, ഉപേക്ഷിക്കപ്പെട്ട ഒരു വാഹനത്തിന്റെ പരിതാപകരമായ കാഴ്ചയായിത്തീരരുത്! പാർക്കുചെയ്ത കാറുകളാകാതെ സ്വന്തമായി സ്വപ്നം കാണുകയും നല്ല തീരുമാനങ്ങൾ എടുക്കുകയും ചെയ്യുവിൻ. അതിന്റെ അർത്ഥം തെറ്റുകൾ സംഭവിച്ചാൽപ്പോലും, അപകടസാധ്യതകൾ ഏറ്റെടുക്കുക എന്നാണ്. ആലസ്യം ബാധിച്ചവരെപ്പോലെ ജീവിതത്തിലൂടെ കടന്നുപോകുകയോ വിനോദസഞ്ചാരികളെപ്പോലെ ലോകത്തെ സമീപിക്കുകയോ ചെയ്യരുത്. ഒരു കോലാഹലം ഉണ്ടാക്കുക! നിങ്ങൾ യുവ മമ്മികളായിത്തീരാതിരിക്കാൻ വേണ്ടി നിങ്ങളെ തളർത്തുന്ന ഭയങ്ങളെ ബഹിഷ്കരിക്കുവിൻ. ജീവിക്കുക! ജീവിതത്തിന്റെ ഏറ്റവും നല്ല ഭാഗം നിങ്ങൾക്കുതന്നെ നൽകുക! കൂടിന്റെ വാതിൽ തുറന്ന് പുറത്തേക്കുപോയി പറക്കുവിൻ! ദയവായി നേരത്തേ വിരമിക്കരുത്. ❍




# സ്നേഹം വിതച്ചും സ്നേഹം കൊയ്തും കടന്നുപോയ സമർപ്പിത ജീവിതം

**സി. ലിറ്റിൽ ഫ്ളവർ സി എം സി**
പ്രൊവിൻഷ്യൽ സുപ്പീരിയർ, വിമല പ്രോവിൻസ് എറണാകുളം



ഒരു ജീവിതം കൊണ്ട്, കുറെയേറെ ആത്മാക്കളെ ഈശോയ്ക്കുവേണ്ടി ശേഖരിക്കാൻ കഴിഞ്ഞുവെന്ന താണ് ഈയിടെ അന്തരിച്ച സി. ഡിവോഷ്യ സി.എം. സി.യുടെ സമർപ്പിതയെന്ന നിലയിലുള്ള നേട്ടം. പണ്ട് എറണാകുളം മുനിസിപ്പാലിറ്റിയായിരുന്ന കാലത്ത് നഗര ചമയങ്ങൾ എം.ജി. റോഡിലും ഷണ്മുഖം റോഡിലു മെല്ലാമായി കേന്ദ്രീകരിച്ച നാളുകളിൽ ഇന്ന് കൊച്ചിൻ കോർപ്പറേഷന്റെ ഗമയുള്ള പ്രാന്ത പ്രദേശങ്ങൾ ഏറെ പിന്നാക്കമായിരുന്നു. കുടുംബനാഥന്മാരുടെ മദ്യപാനം, മറ്റ് ഗാർഹിക ജീവിത തുടർച്ചകൾ തുടങ്ങിയ കാരണങ്ങളാൽ ആകെ കലുഷിതമായിരുന്നു പൊറ്റക്കുഴി, എളമക്കര, പൊന്നുരുന്നി, പോണേക്കര തുടങ്ങിയ ഗ്രാമപ്രദേശങ്ങൾ. ആ നാളു കളിൽ പ്രശ്നബാധിതമായ കുടുംബങ്ങളിലേക്ക് കടന്നുചെന്ന് ക്രിസ്തു സ്നേഹ ത്തിന്റെ പ്രകാശപ്പൊലിമയിലേക്ക് അവരെ ആകർഷിക്കാൻ കഴിഞ്ഞതാണ് സി സ്റ്റർ ഡിവോഷ്യയെ ഇന്നും പഴയ തലമുറ ഓർത്തിരിക്കാൻ കാരണം. സിസ്റ്റർ ഡിവോഷ്യ. സി.എം.സി. അന്ധകാരത്തിലാണ്ടു കിടന്ന അനേകം ജീവിതങ്ങളെ യേശുവാകുന്ന പ്രകാശത്തിലേക്ക് സിസ്റ്റർ നയിച്ചു. എളമക്കരയിലെ പാവപ്പെട്ടവ രും വേദനിക്കുന്നവരും നിരാലംബരുമായവരുടെ ഭവനങ്ങളിലേക്ക് കയറിച്ചെന്ന്

അവരുടെ പ്രശ്നങ്ങൾ ശ്രവിച്ച്, അവരുടെ വേദനയിൽ പങ്കുകൊണ്ട് അവരെ സ്വന്തമെന്നപോലെ സ്നേഹിച്ച്, അവരുടെ ജീവിതങ്ങൾക്ക് ഉണർവ്വും ശക്തിയുമേകി. അനുദിനമുള്ള ആ സന്ദർശനങ്ങളിലൂടെ മദ്യപാനത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടവരെ കണ്ടെത്തി അവർക്ക് കൗൺസിലിംഗ് നൽകി. പ്രാർത്ഥനയിലൂടെയും തിരുവചനം പങ്കുവെക്കലിലൂടെയും വിടുതലിന്റെ അനുഭവത്തിലേക്ക് നയിച്ചു. തകർന്നിരുന്ന വേളയിൽ യേശുവിനെ സമീപിച്ചിരുന്നതുപോലെ പ്രത്യാശയോടെ അവർ സിസ്റ്ററിനെ സമീപിക്കുമായിരുന്നു. അതെല്ലാം സിസ്റ്റർ ഡിവോഷ്യയിലൂടെ ഈശോ വിജയത്തിലെത്തിച്ചു.

പരിശുദ്ധാത്മാവ് നൽകിയ കൃപാവരങ്ങൾ ഉപയോഗിച്ച് ദൈവം അവരോട് സംസാരിക്കുന്നതെന്തെന്ന്, എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് ആത്മാവിന്റെ വെളിച്ചത്തിൽ സിസ്റ്റർ അവർക്ക് വെളിപ്പെടുത്തിക്കൊടുത്തു. അങ്ങനെ സംഭവിക്കുകയും ചെയ്തു. ഇങ്ങനെ നിരവധി സാക്ഷ്യങ്ങളുണ്ട്. സമ്പന്നരോട് യാചിച്ച് ദരിദ്രരെ സഹായിച്ചും ഉണർവ് ലഭിച്ച ഏതാനും പേരെ ഒരുമിച്ചുകൂട്ടി ആഴ്ചതോറും നാലു ദിവസങ്ങളിൽ പ്രാർത്ഥനാ സമ്മേളനങ്ങൾ നടത്തി.

പ്രൊവിൻഷ്യൽ ഹൗസിനോട് ബന്ധപ്പെട്ട പീഡാനുഭവ പ്രാർത്ഥനയ്ക്ക് പഴയ ചാപ്പലിൽ തുടക്കം കുറിക്കാൻ മുൻകൈയെടുത്തതും അതിനുവേണ്ടതെല്ലാം സജ്ജീകരിച്ചതും സിസ്റ്റർ ഡിവോഷ്യയാണ്. അതിലൂടെ ഏറെ മാനസാന്തരങ്ങളും രോഗസൗഖ്യവും ലഭിക്കുന്നതിനിടയായി. പുരുഷോത്തമൻ ഷേണായി എന്നൊരു വ്യക്തി ഭയത്തിന് അടിമയായിരുന്നു. എത്ര ചികിത്സ നടത്തിയിട്ടും മാറാതിരുന്ന ആ ഭയം ആ സഹോദരനിൽ നിന്നും സിസ്റ്ററിന്റെ കൗൺസിലിങ്ങിലൂടെയും, പ്രാർത്ഥന, വചനം പങ്കുവെക്കൽ ഇവയിലൂടെയും പൂർണമായി സുഖപ്പെട്ട് അദ്ദേഹം വിശ്വാസത്തിലേക്ക് വരികയും പള്ളിയുടെ കാര്യങ്ങളിൽ സജീവ പ്രവർത്തകൻ ആവുകയും ചെയ്തു. 'നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും എന്ന ദൈവവചനത്തിന്റെ സാക്ഷ്യം അല്ലേ ഇത്.

വേദനിക്കുന്നവരുടെ പക്കൽ ചെന്ന്, അവരെ സ്നേഹിച്ച്, തിരുവചനം നൽകി. അവരെ രക്ഷയുടെ അനുഭവത്തിലേക്ക് നയിക്കാനുള്ള ഇന്നിന്റെ വെല്ലുവിളിക്കുള്ള ഈ പ്രത്യുത്തരം നമുക്കും ഏറ്റെടുക്കാം. ❍




**സിസ്റ്റർ ഡിവോഷ്യയുടെ ആത്മീയ നേതൃത്വത്തിലുള്ള പാസ്കൽ പ്രെയർഗ്രൂപ്പ് സിൽവർ ജൂബിലി ആഘോഷിച്ചപ്പോൾ. പ്രാർത്ഥനാ ലീഡർ ജോസഫ് ആക്കനത്ത് സമീപം.**



വാർത്തയും ചിന്തയും

# യുവജനങ്ങൾക്ക് രാഷ്ട്രീയം മടുക്കുന്നുവോ?

**വാർത്ത**

**ആന്റണി ചടയംമുറി**

കഴിഞ്ഞ പഞ്ചായത്ത്, നിയമസഭാ തെരഞ്ഞെടുപ്പുകളിൽ 'നോട്ട'യും 'അപര'ന്മാരും ചേർന്ന് തോൽപ്പിക്കുകയോ ഭൂരിപക്ഷം കുറയ്ക്കുകയോ ചെയ്ത ജനപ്രതിനിധികളുടെ കണക്കുകൾ കണ്ടു. തെരഞ്ഞെടുപ്പ് എന്ന ജനാധിപത്യ പ്രക്രിയ വെറുമൊരു പ്രഹസനമാണെന്നു കരുതുന്നവരുടെ എണ്ണം വർദ്ധിച്ചുവരികയാണ്.

സംസ്ഥാന ഇലക്ഷൻ കമ്മീഷൻ പുറത്തുവിട്ട വോട്ടർമാരുടെ പുതിയ പട്ടികയിലും യുവാക്കളുടെ തെരഞ്ഞെടുപ്പുകളോടുള്ള പ്രതികരണം തീരെ തണുപ്പനാണ്. 40–49 വയസ്സുകാരിൽ ഉൾപ്പെട്ടവരാണ് വോട്ടേഴ്സ് ലിസ്റ്റിലെ 59.24 ലക്ഷം പേരും. 18 –19 പ്രായക്കാർ 10 ലക്ഷമുണ്ട്. 18 വയസ്സ് തികഞ്ഞവരിൽ 20.98 ലക്ഷം പേർ വോട്ടർമാരായി പേര് ചേർത്തപ്പോൾ ഇതേ പ്രായക്കാരായ 7 ലക്ഷം പേർ വോട്ടർപട്ടികയിൽ പേര് ചേർത്തില്ല. ഇതുമൂലം 18നും 19നും മധ്യേ പ്രായമുള്ളവരിൽ 1.07 ശതമാനം മാത്രമാണ് പുതിയ പട്ടികയിൽ നവ വോട്ടർമാരായുള്ളത്.

നമ്മുടെ ഭരണഘടനാദത്തമായ ചുമതലയാണ് വോട്ട് രേഖപ്പെടുത്തൽ. അക്കാര്യത്തിൽ നവതലമുറയ്ക്ക് താൽപ്പര്യമില്ലാതെ വരുന്നത്. അവർ ദിവസേന കണ്ടുകൊണ്ടിരിക്കുന്ന 'രാഷ്ട്രീയ നാടകങ്ങൾ' കാരണമല്ലേയെന്നു ബന്ധപ്പെട്ടവർ ചിന്തിക്കുന്നത് നല്ലതാണ്.

**ചിന്ത**

അധികാരത്തിൽ തുടരാൻ ഓരോരുത്തരെയും എന്താണ് പ്രേരിപ്പിക്കുന്നത്? അടിയന്തിരവും ആവശ്യകവുമായ നടപടി സ്വീകരിക്കേണ്ട നേരത്ത് ഒന്നും ചെയ്യാൻ കഴിവില്ലാതെ പോയവർ എന്ന നിലയിൽ അനുസ്മരിക്കപ്പെടാനോ ?

**(ദൈവത്തെ സ്തുതിക്കുവിൻ –നമ്പർ 61)**

**Just Published**




"Human suffering is a way towards the mystery. Bresson says, I am only a way to mystery. For him, suffering is the way to have a contact with God (mystery)."

**— Mons. Dario Edoardo Viganò**
*Vice Chancellor to the Pontifical Academy of Sciences and Social Sciences, Holy See*

# ROBERT BRESSON CINEMATOGRAPHY
## Theology of Suffering

Dr. Cibu Irimbinikal

Foreword by
**Mons. Dario Edoardo Viganò**

ISBN: **978-93-92231-85-8**
Pages: **312**

₹495
Including Postage

RECTO & VERSO

Place order / Phone Pay: **+91 99475 89442**
Buy Online @ **www.vcthomaseditions.com**

VATHICAN THARANGAM
RN 55178/94
Total Pages 36 Date of Publication 24-01-2025

RELEASING ON FEBRUARY 26 - 2025




A Biopic
Cartoon Book
for Children

Publishers KCBC MEDIA COMMISSION

Printed and published by Fr. Jolly Vadakken owned by Vatican Radio office, P.O.C.
Vennala P.O. , Kochi - 682028 and published at Vatican Radio Office,
P.O.C. , Palarivattom, Kochi - 682025, Kerala.Chief Editor: Fr. Abraham Irimbinikal.